Reg. No. C. 101, M. 2293

ഒറ്റപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു ; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 25 | 1127 ധനു 11— ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്— എറണാകുളം 1951 ഡിസംബർ 26 | ലക്കം 19



# മാർ അഗുസ്തീനോസ് തിരുമേനി

മെത്രാപ്പോലീത്തൻ ശ്രേഷ്ഠാധിപസിംഹാസനത്തിൽ ഉപവിഷ്ടനാകുവാൻ ഭാഗധേയം ലഭിച്ച പ്രഥമഭാരതീയനും മലയാളസുറിയാനി ഹയരാർക്കിയുടെ പ്രഥമമെത്രാപ്പോലീത്തായുമായ എറണാകുളം അതിരൂപതാദ്ധ്യക്ഷൻ മഹാവന്ദ്യ ദിവ്യശ്രീ കണ്ടത്തിൽ മാർ അഗുസ്തീനോസ് തിരുമനസ്സുകൊണ്ടു് 1874 ആഗസ്റ്റ് 25-ാംനു വൈക്കം താലൂക്കിൽപ്പെട്ട ചെമ്പിൽ ഗ്രാമത്തിൽ ഭൂജാതനായി. പുരാതനവും കുലീനവുമായ കണ്ടത്തിൽ കുടുംബത്തിലെ വക്കി, ത്രേസ്യ എന്ന വിശിഷ്ട ദമ്പതിമാരായിരുന്നു തിരുമനസ്സിലെ മാതാപിതാക്കൾ. സ്വദേശത്തുതന്നെയുണ്ടായിരുന്ന പ്രവൃത്തിപ്പള്ളിക്കൂടത്തിൽ പ്രാരംഭവിദ്യാഭ്യാസം നിർവ്വഹിച്ചശേഷം ബാലനായ അഗുസ്തീനോസ് (കുഞ്ഞുകുഞ്ഞു്) വൈക്കം ഇംഗ്ലീഷ് മിഡിൽസ്കൂളിൽ പ്രവേശിച്ചു. ഒരു മാതൃകാവിദ്യാർത്ഥിയെന്നനിലയിൽ പഠനം തുടർന്നുവരവേ ബാലനിൽ പൗരോഹിത്യത്തിലേക്കുള്ള ദിവ്യാഹ്വാനത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷമായിത്തുടങ്ങി. അതു വികാസംപ്രാപിച്ചതോടെ 1887 നവംബർ 4-ാംനു വാഴക്കുളത്തു കർമ്മലീത്താവൈദികർ നടത്തിയിരുന്ന വൈദികവിദ്യാലയത്തിൽ ചേർന്നു. അവിടെ നാലുവർഷം പഠിച്ചു. അനന്തരം കൂടുതൽ ഇംഗ്ലീഷ്ഭാഷാജ്ഞാനം ലഭിക്കുന്നതിനുവേണ്ടി 1892-ൽ ചങ്ങനാശേരി സെൻറ് ബെർക്കുമാൻസ് ഹൈസ്കൂളിൽ ചേർന്നു. അവിടെനിന്നു് 1893 ജൂലൈമാസത്തിൽ, 19-ാമത്തെ വയസ്സിൽ, അവിടുത്തെ കോട്ടയം വികാരി അപ്പസ്തോലിക്കായായിരുന്ന നി. വ. ദി. ശ്രീ കാറലോസു ലവീഞ്ഞുമെത്രാൻ തിരുമേനി കാൻഡി സെമിനാരിയിലേക്കയച്ചു. പ്രഫസാന്മാരുടെ കണ്ണിലുണ്ണിയും സഹവിദ്യാർത്ഥികൾക്കു മാതൃകാദീപവുമായി 8 വർഷം തിരുമനസ്സുകൊണ്ടു് അവിടെ അദ്ധ്യയനം നടത്തി. അതിനിടയിൽ 1895 സെപ്തംബർ 22-ാംനു ആസ്തപ്പാടുപട്ടവും 1899 മേയ് 29-ാംനു അഞ്ചാംപട്ടവും അവിടുന്നു സ്വീകരിച്ചു. 1900 സെപ്തംബർ 25-ാംനു അത്യുന്നതഡെലിഗേറ്റ് അപ്പസ്തോലിക്കാ മോൺസിഞ്ഞോർ സലേസ്സി തിരുമനസ്സുകൊണ്ടാണു് അവിടുത്തേക്കു് ആറാംപട്ടം നല്കിയതു്. 1901 ഡിസംബർ 21-ാംനു മാർ തോമാശ്ലീഹായുടെ തിരുനാൾദിനത്തിൽ തിരുമനസ്സുകൊണ്ടു്, തന്റെ 27-ാമത്തെ വയസ്സിൽ, കാൻഡിമെത്രാൻ മോൺ. പഞ്ഞാനി തിരുമേനിയിൽനിന്നും ഗുരുപ്പട്ടവും സ്വീകരിച്ചു. കാൻഡി സെമിനാരിയിൽനിന്നു പൗരോഹിത്യം ലഭിച്ച കേരളീയസുറിയാനിക്കാരിൽ ദ്വിതീയനാണവിടുന്നു്.

മെത്രാപ്പോലീത്താ തിരുമനസ്സിലെ പിതാവ്



കണ്ടത്തിൽ തൊമ്മൻ വക്കി അവർകൾ (1920 നവം. 4-ാംനു നിര്യാതനായി)

മെത്രാപ്പോലീത്താ തിരുമനസ്സിലെ ജ്യേഷ്ഠസഹോദരൻ



കണ്ടത്തിൽ വക്കി തോമാ അവർകൾ (1950 മേയ് 24-ാംനു നിര്യാതനായി)

കാൻഡിയിൽനിന്നും 1902 ജനുവരിയിൽ തിരിച്ചെത്തിയ നമ്മുടെ നവവൈദികനെ എറണാകുളം വികാരി അപ്പസ്തോലിക്കായായിരുന്ന പഴേപറമ്പിൽ മാർ ളൂയിസ് മെത്രാൻ തിരുമനസ്സുകൊണ്ടു് മിസ്സംവക തിരുഹൃദയ പെറ്റിസെമ്മിനാരിയുടെ റക്ടറായി നിയമിച്ചു. അത്യന്തം പ്രശംസനീയമായവിധത്തിൽ പത്തുവർഷം അവിടുന്നു് പ്രസ്തുതോദ്യോഗം വഹിച്ചു. ഇതിനിടയിൽ കുലശേഖരമംഗലം, വടയാർ എന്നീ ഇടവകകളിൽ ചുരുങ്ങിയകാലത്തേക്കു് അവിടുന്നു് വികാരിയായിരുന്നിട്ടുണ്ടു്. പരിശ്രമസമൃദ്ധമായിരുന്ന ഈ കാലയളവിൽ അവിടുന്നു പ്രദർശിപ്പിച്ച അസാധാരണമായ ഭരണനൈപുണ്യവും സ്വഭാവവൈശിഷ്ട്യവും അവിടുത്തെ ഭാവിശ്രേയസ്സുകൾക്കു രൂപം നല്കുവാൻ പര്യാപ്തമായിരുന്നു.

1911-ൽ പുണ്യശ്ലോകനായ 10-ാം പീയൂസു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് അവിടുത്തെ മാർ ളൂയിസ് മെത്രാൻ തിരുമനസ്സിലെ സഹായമെത്രാനായി നിയമിച്ചു. ആ കൊല്ലം ഡിസംബർ 3-ാം തീയതി തിരുമനസ്സുകൊണ്ടു് കാൻഡി ഭദ്രാസനദേവാലയത്തിൽവച്ചു് മെത്രാനായി അഭിഷേചിക്കപ്പെടുകയുംചെയ്തു. ഡിസംബർ 11-ാംനു എറണാകുളത്തു തിരിച്ചെത്തിയ തിരുമേനി മാർ ളൂയിസ് മെത്രാൻ തിരുമനസ്സിലെ വലംകൈയായിനിന്നുകൊണ്ടു് സഭാസേവനം തുടർന്നു. 1919 ഡിസംബർ 9-ാംനു മാർ ളൂയിസ് തിരുമേനി ഇഹലോകവാസം വെടിയുകയും നമ്മുടെ കഥാനായകൻ സിംഹാസനാരൂഢനാകുകയും ചെയ്തു.

വർഷങ്ങൾ നാലുകഴിഞ്ഞു. വികാരിയാത്തുഭരണം അത്യന്തം ശ്രേയസ്കരമായി പുരോഗമിച്ചിരുന്നു. കണ്ടത്തിൽ മാർ അഗുസ്തീനോസ് തിരുമനസ്സിലെ ഭരണപാടവം 11-ാം പീയൂസ് മാർപ്പാപ്പാ തിരുമേനിയെ സന്തുഷ്ടനാക്കി. അവിടുന്നു് എറണാകുളം വികാരിയാത്തിനെ അതിരൂപതയായും മാർ അഗുസ്തീനോസ് തിരുമേനിയെ മലയാള സുറിയാനി ഹയരാർക്കിയുടെ അധിനാഥനായും ഉയർത്തി. 1924 നവംബർ 16-ാംനു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു്, പരിശുദ്ധ സിംഹാസനത്തിൽനിന്നും വിശേഷാൽ നിയുക്തനായിരുന്ന മഹോന്നത കർദ്ദിനാൾ ലെപ്പിസിയെ ഒ. എസ്. എം. തിരുമേനി മാർ അഗുസ്തീനോസ് തിരുമനസ്സിലേക്കു് പാല്യം പ്രദാനംചെയ്തു.

അഭിവന്ദ്യ തിരുമേനി 1925 ഏപ്രിൽ 11-ാംനു പരിശുദ്ധ പിതാവുമായി ഔദ്യോഗികസന്ദർശനം നടത്തുവാൻ വേണ്ടി റോമിലേക്കു പുറപ്പെട്ടു. യാത്രാമദ്ധ്യേ ലണ്ടൻ, പാരീസ്, ഡബ്ലിൻ, ലൂർദ്ദ് മുതലായ പാശ്ചാത്യകേന്ദ്രങ്ങളും പുണ്യസ്ഥലങ്ങളും സന്ദർശിക്കുവാൻ തിരുമനസ്സിലേക്കു സാധിച്ചു. അയർലണ്ടിലെ അന്നത്തെ പ്രസിഡണ്ടായിരുന്ന മി. കോസ്ഗ്രേവിനേയും ലണ്ടനിൽ ഇൻഡ്യാഹൗസിൽവച്ചു് അന്നത്തെ സ്റ്റേററ് സെക്രട്ടറിയായിരുന്ന ലോർഡ് ബെർക്കൻഹെഡ് മുതലായവരേയും കണ്ടു സംഭാഷിക്കുവാൻ അവിടുത്തേക്കു കഴിഞ്ഞു. യൂറോപ്യൻപര്യടനാനന്തരം 1925 ഒക്ടോബർ 6-ാംനു തിരുമനസ്സുകൊണ്ടു് തന്റെ അജഗണങ്ങളുടെ മദ്ധ്യേ പ്രത്യാഗമിച്ചു.

മെത്രാപ്പോലീത്താ തിരുമനസ്സിലെ മാതാവ്



കണ്ടത്തിൽ വക്കി ഭാര്യ ത്രേസ്യ (1939 ആഗസ്റ്റ് 9-ാംനു പരലോകപ്രാപ്തയായി)

1926 ഡിസംബർ 21-ാംനു തിരുമനസ്സിലെ പൗരോഹിത്യരജതജൂബിലി സാഘോഷം കൊണ്ടാടപ്പെട്ടു. 1927 ജൂലൈ 3-ാംനു-യാണു് തിരുമനസ്സിലെ വിദഗ്ദ്ധഹസ്തങ്ങൾ, ഇന്നു കേരളക്കരയിൽ ഏററവും കൂടുതൽ പ്രചാരംസിദ്ധിച്ചിരിക്കുന്ന കത്തോലിക്കാവാരികയായ സത്യദീപത്തിന്റെ സ്ഥാപനം നിർവ്വഹിച്ചതു്.

1936 ഡിസംബർ 9-ാംനു തിരുമനസ്സിലെ മെത്രാൻ പട്ടാഭിഷേകത്തിന്റെ രജതജൂബിലി മഹാമഹം ആഘോഷിക്കപ്പെട്ടു. അതു പ്രമാണിച്ചു് വത്തിക്കാനിൽനിന്നും "തിരുസിംഹാസനസഹായകൻ", "ഡോമസ്റ്റിക് പ്രിലേററ്", "റോമൻപ്രഭു" എന്നീ സ്ഥാനങ്ങൾ തിരുമനസ്സിലേക്കു് കല്പിച്ചു നല്കുകയുണ്ടായി. ഈ ജൂബിലിയുടെ സ്മാരകമായിട്ടാണു് കേരളത്തിലെ ഒരു പ്രസിദ്ധ കത്തോലിക്കാപ്രതിദിനപത്രമായ "മലബാർമെയിൽ" ആരംഭിച്ചതു്. ഈ ജൂബിലിപ്രമാണിച്ചു് തിരുമനസ്സിലേക്കു് അന്നു ഭാഗ്യമോടെ വാണിരുന്ന 11-ാം പീയൂസ് മാർപ്പാപ്പാ തിരുമേനിയിൽനിന്നും കൊച്ചിമഹാരാജാവു് തിരുമേനിയിൽനിന്നും അനുമോദനസന്ദേശങ്ങൾ ലഭിക്കുകയുണ്ടായി.

അതിരൂപതയിലെ എല്ലാ ഇടവകകളിലും "രാത്ര്യാരാധന" എന്ന ഭക്തകർമ്മം സമാരംഭിക്കുവാൻ ആഹ്വാനം നൽകിക്കൊണ്ടുള്ള തിരുമനസ്സിലെ ഇടയലേഖനം 1938 ജനുവരി 27-ാംനു-യാണു പുറപ്പെട്ടതു്. എല്ലാ കുടുംബങ്ങളിലും മുടങ്ങാതെ രാത്ര്യാരാധന നടക്കുന്നതിനുള്ള പ്രായോഗികപരിപാടികൾ അതിൽ വിവരിച്ചിരുന്നു. 1939 ആഗസ്റ്റ് 9-ാംനു തിരുമനസ്സിലേക്കു് ഏററം വ്യസനജനകമായ ആ സംഭവം നടന്നു — അവിടുത്തെ പ്രിയമാതാവിന്റെ നിര്യാണം. സ്വമാതാവിനു് അന്ത്യകൂദാശകൾ നൽകിയതും മരണാനന്തരം സംസ്കാരച്ചടങ്ങുകളിൽ പ്രധാനകാർമ്മികത്വം വഹിച്ചതും തിരുമനസ്സുകൊണ്ടുതന്നെയാണു്.

എറണാകുളം അതിരൂപതയിൽ 1940-ൽ വേദോപദേശപ്പൊതുപരീക്ഷ പുനരാരംഭിക്കപ്പെട്ടു. അതേതുടർന്നു് അതിരൂപതയിലെങ്ങും വേദപഠനവിഷയത്തിൽ അഭൂതപൂർവ്വമായ ഔത്സുക്യം പ്രകടമായിക്കണ്ടുവരുന്നു. 1945 മാർച്ച് 7-ാംനു-മുതൽ കുറേ നാളത്തേക്കു് തിരുമനസ്സുകൊണ്ടു് അനാരോഗ്യം നിമിത്തം ശയ്യാവലംബിയായിരുന്നു. 16-ാംനു തിരുമനസ്സിലേക്കു് ഒടുക്കത്തെ ഒപ്രുശുമായും 17-ാംനു തിരുപ്പാഥേയവും നല്കപ്പെട്ടു. ഏപ്രിൽ 12-ാംനു-യോടുകൂടി അവിടുത്തെ ദേഹാസ്വാസ്ഥ്യമെല്ലാം നീങ്ങുകയും ദിവ്യബലിയർപ്പിക്കാനാരംഭിക്കുകയുംചെയ്തു.

സർ സി. പി. യുടെ കാലത്തെ വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ കത്തോലിക്കർക്കു സുധീരമായ മാർഗ്ഗദർശനം നല്കിക്കൊണ്ടു് തിരുമേനി 1945 സെപ്റ്റംബറിൽ ഒരിടയലേഖനം പ്രസിദ്ധീകരിച്ചു. പ്രസ്തുതവിദ്യാഭ്യാസപ്രശ്നം സംബന്ധിച്ചാണു് 1945 ഡിസംബർ 12-ാംനു തിരുവിതാംകൂർ കൊച്ചി സംസ്ഥാനങ്ങളിലെ കത്തോലിക്കാ വൈദികമേലദ്ധ്യക്ഷന്മാരുടെ പ്രാദേശികകോൺഫറൻസ് എറണാകുളം മെത്രാപ്പോലീത്തൻ അരമനയിൽവച്ചു ആദ്യമായി സമ്മേളിച്ചതു്. കോൺഫറൻസിന്റെ സ്ഥിരം പ്രസിഡൻറായി വന്ദ്യതിരുമേനി തിരഞ്ഞെടുക്കപ്പെടുകയും അടുത്തകാലംവരെ ആ ഉദ്യോഗം വഹിക്കുകയുംചെയ്തു.

1947 മാർച്ച് 2-ാംനു എറണാകുളം മിസ്സത്തിന്റെ സുവർണ്ണജൂബിലി അതിരൂപതയൊട്ടാകെ ആഘോഷിക്കപ്പെട്ടു. 1947-ൽ മാതാവിന്റെ സ്വർഗ്ഗാരോപണദിനമായ ആഗസ്റ്റ് 15-ാംനു-യാണു് ഇന്നത്തെ നിലയിൽ പരിഷ്കൃതമായ "സത്യദീപം" പ്രസിദ്ധീകരണമാരംഭിച്ചതു്. 1949 നവംബർ 16-ാംനു ഹയരാർക്കിസ്ഥാപനത്തിന്റെ രജതജൂബിലി ആഘോഷിക്കപ്പെടുകയുണ്ടായതും പ്രസ്താവ്യമത്രെ.

ആരംഭംമുതൽ മെത്രാപ്പോലീത്താ തിരുമനസ്സിലെ വികാരിജനറാൾ ഏ. പെ. ബ. മോൺ. തോമസ് നെടുങ്കല്ലേൽ അവർകളായിരുന്നു. അദ്ദേഹം പ്രസ്തുതോദ്യോഗമൊഴിഞ്ഞു് തോട്ടകം കൊവേന്തയിൽ ചേർന്നതിനെത്തുടർന്നു് 1936 ജൂലൈ 10-ാംനു വൈക്കം പള്ളി ഇടവക വെരി റവ. ഫാ. വറുഗീസ് വല്യാറമ്പത്തു് അവർകൾ വികാരി ജനറാളായി നിയമിതനായി. 1945 മേയ് 28-ാംനു മോൺ. വല്യാറമ്പത്തു് പ്രസ്തുതോദ്യോഗത്തിൽനിന്നും ഒഴിയുകയും പകരം റവ. ഫാ. മാത്യുപോത്തനാമൂഴി അവർകൾ വികാരിജനറാളായി നിയമിതനാകുകയുംചെയ്തു.

1951 ഡിസംബർ 21-ാംനു. കേരള കത്തോലിക്കാസമുദായത്തെ ഹർഷപുളകമണിയിക്കുന്ന സുപ്രതീക്ഷിതമായ ആ സുദിനം സമാഗതമായിരിക്കുന്നു. നമ്മുടെ പിതാവു് കണ്ടത്തിൽ മാർ അഗുസ്തീനോസു് തിരുമേനി പൗരോഹിത്യപദത്തിലേക്കുയർത്തപ്പെട്ടിട്ടു് 50 വർഷം തികയുന്ന സുന്ദരദിനം. സേവനനിരതവും അനുഗ്രഹസമൃദ്ധവുമായിരുന്ന കഴിഞ്ഞ അരശതാബ്ദക്കാലത്തെ പൗരോഹിത്യജീവിതത്തിന്റെ മധുരസ്മരണകൾ തിരുമേനിയേയും അവിടുത്തെ അജസഹസ്രങ്ങളേയും ഒരുപോലെ ആനന്ദിപ്പിക്കുന്ന ഈ മംഗളാവസരത്തിൽ അതിന്റെ ബാഹ്യപ്രകടനങ്ങൾ അതിരൂപതയിലാകെ ദൃശ്യമാകുന്നുണ്ടെങ്കിൽ അതിലാശ്ചര്യത്തിനു വകയില്ല. ബാഹ്യാഡംബരങ്ങളെക്കാൾ ആദ്ധ്യാത്മികാഘോഷങ്ങൾക്കു പരിഗണനനല്കുന്ന തിരുമനസ്സുകൊണ്ടു് ഏതാനും മാസങ്ങൾക്കുമുമ്പുതന്നെ, തന്റെ ജൂബിലിയവസരം അതിരൂപതയൊട്ടാകെ ഏപ്രകാരമാചരിക്കണമെന്നു നിർദ്ദേശിച്ചുകൊണ്ടു് ഒരിടയലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അതിന്റെ പശ്ചാത്തലത്തിൽ ഓരോ ഇടവകയിലും നടത്തിവരുന്ന നാല്പതുമണിയാരാധന, വി. കുർബാനയുടെ പ്രദക്ഷിണം, ദിവ്യകാരുണ്യസമ്മേളനം, പൊതുധ്യാനം, രാത്ര്യാരാധനമുതലായ ഭക്തകർമ്മങ്ങൾ അതിരൂപതയിലെ കത്തോലിക്കാ ജനതയ്ക്കു് തങ്ങളുടെ ഇടയനോടുള്ള ആദ്ധ്യാത്മികബന്ധം ദൃഢതരമാക്കുവാൻ എത്ര

# *ഒരു നിമിഷത്തേക്ക്

ജാനുവരി 1

ലോകം ഇന്നു തലതിരിഞ്ഞുപോകുകയല്ലേ? അതിനുള്ള ഒരു മുഖ്യകാരണം താഴെ ചേർക്കുന്ന വരികളിൽ കാണാം. ഒരാളുടെ പ്രാർത്ഥനയാണ് അവയിൽ അടങ്ങിയിരിക്കുന്നതു്:—

"ദൈവമേ! എന്നേയും എന്റെ ഭാര്യയേയും എന്റെ മകൻ ജോണിനേയും അവന്റെ ഭാര്യയേയും, ഇങ്ങനെ ഞങ്ങളെ നാലുപേരെയും അനുഗ്രഹിക്ക; വേറെ ആരുടെ കാര്യവും ഞാൻ പറയുന്നില്ല."

ഈ ലോകം വളരെ ചെറുതാണ്, ശരിതന്നെ. എന്നാൽ ആ മനുഷ്യൻ വിചാരിച്ചതുപോലെ "ഞങ്ങൾ നാലുപേർ" മാത്രമല്ല ലോകത്തിലുള്ളതു്. വേറെയും ആളുകളുണ്ടു്.

ആദ്ധ്യാത്മികലോകത്തിന്റെ സ്ഥിതി ഏററവും നിർഭാഗ്യകരമാണെന്നു ഏവരും സമ്മതിക്കും. അനേക സഹസ്രങ്ങളാണു് ഇന്നു അടിമത്തമനുഭവിക്കുന്നതു്. ശേഷം പേർ ഭയവിഹ്വലരായി ദിനങ്ങൾ പോക്കുകയുമാണു്. അവയ്ക്കെല്ലാം എന്താണു കാരണം? മനുഷ്യവർഗ്ഗത്തിന്റെ ശത്രുക്കളുടെ കുത്സിതവൃത്തികൾ മാത്രമാണോ? അല്ലല്ല! സ്വകർത്തവ്യനിർവ്വഹണത്തിൽ "നല്ലയാളുകൾ" പ്രദർശിപ്പിക്കുന്ന അനാസ്ഥയാണു പ്രധാനകാരണം. നല്ലയാളുകൾ തൻകാര്യം നോക്കുമ്പോൾ തിന്മയുടെ കർത്താക്കൾ മററുള്ളവരുടേയും കാര്യം അന്വേഷിക്കുന്നു. ഇന്നു ലോകത്തിൽ ദൃശ്യമാകുന്ന ദുഃഖദുരിതങ്ങളുടേയും കുഴപ്പങ്ങളുടേയും ഉത്തരവാദിത്വം ദുഷ്ടമനുഷ്യരിൽ കെട്ടിവയ്ക്കുക വളരെ എളുപ്പത്തിൽ കഴിയും. പക്ഷെ അതിന്റെ മുഴുവൻ ഉത്തരവാദിത്വവും അവരല്ല വഹിക്കേണ്ടതു്.

ക്രിസ്തുവിനെ തന്നിൽ വഹിക്കുന്ന ഒരാൾ സദാ ഓർത്തിരിക്കേണ്ട ഒരു കാര്യമുണ്ടു്. യഥാർത്ഥത്തിൽ ക്രിസ്തീയമായിരിക്കുന്നതു് "ദൈവവും ഞാനും" എന്ന സങ്കുചിതമായ വീക്ഷണഗതിയല്ല, പ്രത്യുത "ദൈവവും ഞാനും മററുള്ളവരും" എന്ന വിശാലമായ വീക്ഷണഗതിയാണ്. അതത്രെ ക്രിസ്തീയതത്ത്വത്തിന്റെ പൂർണ്ണത. ക്രിസ്തുവിന്റെ അനുയായികൾ എന്നാണോ ഈ തത്വത്തിനു തങ്ങളുടെ അനുദിനജീവിതത്തിൽ പ്രാധാന്യം കൊടുക്കുന്നതു് അന്നുമാത്രമേ, സമാധാനത്തിലേക്കുള്ള രാജപാതയിൽക്കൂടി നാം പ്രയാണംചെയ്യുന്നുവെന്നു പറവാൻ നിവൃത്തിയുള്ളൂ.

"എന്തുകൊണ്ടെന്നാൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനേയും നീ സ്നേഹിക്കണം എന്ന ഏകവാക്യംകൊണ്ടു് നിയമം മുഴുവൻ പൂർത്തിയാകുന്നു" (ഗാല. 5:14)—എന്റെ കർത്താവേ, അങ്ങേപ്രതി എല്ലാവരേയും സ്നേഹിപ്പാൻ എനിക്കു് ഉത്തേജനം നല്കണമേ.

ജാനുവരി 2

നടുക്കുന്ന സംഭവം ന്യൂയോർക്കിൽ നടന്നതാണ്. ക്രിസ്തുമസ് കഴിഞ്ഞിട്ടു് ദിവസം മൂന്നായി. "ഗസാക്"കളുടെ വീട്ടിൽ ഈ ദിവസങ്ങളത്രയും യാതൊരനക്കവും ഇല്ലായിരുന്നു. അയൽക്കാർ പരിഭ്രമിച്ചു. അവർ പോലീസിനെ വിളിച്ചു. ഭവനത്തിനകത്തു കയറി പരിശോധിച്ചപ്പോൾ കണ്ടകാഴ്ച എത്ര ദയനീയമായിരുന്നു! മി അൻഡ്രൂ ഗസാക്കിന്റെയും ഭാര്യയുടേയും, അവരുടെ കുഞ്ഞുമകൻ മൂന്നു വയസ്സായ ആൻഡ്രൂവിന്റെയും, കുഞ്ഞുമകൾ അഞ്ചുവയസ്സായ വെറോനിക്കായുടേയും മൃതദേഹങ്ങൾ!! ഒരു തിരുനാളാഘോഷത്തിനുവേണ്ടിയ സാധനങ്ങളെല്ലാം അവിടെ ശരിപ്പെടുത്തിവച്ചിട്ടുള്ളതായും കണ്ടു.

കുട്ടികളുടെ കാൽമേസുകൾ പലഹാരങ്ങളും പഴങ്ങളുംകൊണ്ടു നിറഞ്ഞിരുന്നു. എല്ലാ ജനാലയിലും പുഷ്പങ്ങൾ ചാർത്തിയിരുന്നു. ലോഹക്കടലാസുപൊതിഞ്ഞ ക്രിസ്തുമസ്ട്രിയെ മനോഹരമായ നിരവധി ദീപതികൾ സമലങ്കരിച്ചിരുന്നു. പരിശുദ്ധകന്യകാമറിയത്തിന്റെ പ്രതിമയ്ക്കു സമീപമിരുന്ന ഒരു പൊതി കെട്ടിന്റെ പുറത്തു ചേർത്തിരുന്ന കുറിപ്പ് ശിലാഹൃദയനായ ഏതൊരു അപസർപ്പകന്റെപോലും കരളലിയിക്കുന്നതിനു പര്യാപ്തമായിരുന്നു: "ഞങ്ങളുടെ അപ്പനു്. അമ്മയുടെ മാചാഖാമാരിൽ നിന്നും."

പോലീസ് അഭിപ്രായപ്പെട്ടതു് വിഷവാതകം നിമിത്തമാണു അവരെല്ലാം മൃതിയടഞ്ഞതെന്നാണ്. ആവികൊണ്ടു നടത്തിക്കുന്ന ഒരു റെഫ്രിജറേറററിനു (സാധനങ്ങൾ അഴിഞ്ഞുപോകാതെ സൂക്ഷിക്കുന്നതിനുള്ള ഒരുപകരണം) കേടുവന്നതിനാൽ അതിൽനിന്നും ഗാസ് പുറത്തുപോയി മുറിനിറയുകയും അവിടെ വസിച്ചിരുന്നവർക്കു ജീവഹാനി വരുത്തുകയും ചെയ്തുവത്രെ. ക്രിസ്തുമസിന്റെ തലേരാത്രിയായിരിക്കണം ഇതു സംഭവിച്ചതെന്നും പോലീസുകാർ അഭിപ്രായപ്പെട്ടു.

പലരേയും മരണം സമീപിക്കുന്നതു പ്രായമായതിനുശേഷമാണ്. പക്ഷെ ചെറുപ്പക്കാരും പെട്ടെന്നു നിത്യതയുടെ കവാടത്തിൽ എത്തുന്ന അനുഭവങ്ങളും അത്ര ദുർലഭമല്ല. മററുള്ളവരേയും നമ്മെത്തന്നേയും ആ അവസാനക്ഷണം സ്വീകരിക്കുന്നതിനു സന്നദ്ധരാക്കുന്നതാണു് ഒരു ക്രിസ്റ്റഫറിനു നിർവഹിക്കാവുന്ന ഏററവും വിശിഷ്ടമായ കൃത്യം.

"ആകയാൽ നിങ്ങൾ ഉണർന്നിരിക്കുവിൻ. എന്തുകൊണ്ടെന്നാൽ ആ ദിവസമോ നാഴികയോ നിങ്ങൾ അറിഞ്ഞുകൂടാ." (മത്തായി 25-13).

ആ അവസാനക്ഷണം സ്വീകരിക്കുന്നതിനു ഒരുങ്ങിയിരിപ്പാൻ കർത്താവേ! എന്നെ സഹായിക്കണമെ. മററുള്ളവരെ അതിനായി ഒരുക്കുന്നതിനും എന്നെ സഹായിക്കേണമെ.

ജാനുവരി 3

ഒരിക്കൽ ഒരു വ്യാപാരിയോടു്, അയാളുടെ സ്നേഹിതൻ ചോദിച്ചു, കച്ചവടമേല്പാടുകളിൽ ഇത്ര നയശാലിയായി വർത്തിക്കുവാൻ അയാൾക്കു സാധിക്കുന്നതു് എങ്ങനെയെന്നു്. അതിനയാൾ തന്റെ കിടപ്പുമുറിയിലെ ഒരു മേശക്കണ്ണാടിയിൽ തിരുകിവച്ചിരുന്ന ഒരു കാർഡ് ചൂണ്ടിക്കാണിച്ചുകൊടുത്തു. അതിൽ എഴുതിയിരുന്നതു് ഇപ്രകാരമാണ്: "കർത്താവേ! എന്റെ ഈ വലിയവായു് അടച്ചുവയ്ക്കാൻ എന്നെ പഠിപ്പിക്കേണമെ."

നമ്മുടെ ആദിമാതാപിതാക്കന്മാരിൽ നിന്നു നമുക്കു സിദ്ധിച്ചിരിക്കുന്ന ഒരു ബലഹീനതയുണ്ടു്. നമ്മിൽ ഒട്ടുമിക്കവരും ആവശ്യത്തിലധികം സംസാരിക്കുന്നവരാണെന്നതു്. സംസാരം വളരെ കുറഞ്ഞുപോയി എന്നു വരുക സാധാരണമല്ല. വേണ്ടസമയത്തും സ്ഥലത്തും ഒരാൾ സംസാരിക്കതന്നെവേണം. എന്നാൽ മററവസരങ്ങളിൽ കുറെ നിയന്ത്രണം അഭ്യസിക്കുന്നതുകൊണ്ടു് യാതൊരു കുഴപ്പവും വരുവാനില്ല.


അമിതഭാഷണത്തിലേർപ്പെടുന്ന മനുഷ്യൻ വളരെ എളുപ്പത്തിൽ തന്നെത്തന്നെ ഒരു മണ്ടനാക്കുന്നു. അതിനെക്കാൾ കഷ്ടതരമായിരിക്കുന്നതു അയാൾ മററുള്ളവർക്കു വരുത്തുന്ന ഉപദ്രവവും കുറച്ചൊന്നുമല്ല എന്നതത്രെ. അവാസ്തവപ്രസ്താവങ്ങൾ ചെയ്യുക, മററുള്ളവരുടെ അപരാധങ്ങളെ പർവ്വതീകരിക്കുക, സത്യത്തെ വളച്ചുതിരിച്ചു വികൃതമാക്കുക ഇങ്ങനെപോകുന്നു അവൻ ചെയ്യുന്ന ദ്രോഹങ്ങളുടെ പട്ടിക.

ആകയാൽ ഒരു ക്രിസ്റ്റഫർ താഴെ ചേർക്കുന്ന നമ്മുടെ കർത്താവിന്റെ ഉപദേശത്തെപ്പററി സദാ ധ്യാനിക്കുന്നതു വളരെ നന്നായിരിക്കും.

"മനുഷ്യർ പറയുന്ന സകല വ്യർത്ഥവചനങ്ങൾക്കും വിധിദിവസത്തിൽ അവർ കണക്കു ബോധിപ്പിക്കേണ്ടിവരും. എന്തുകൊണ്ടെന്നാൽ നിന്റെ വാക്കുകളാൽ നീ നീതീകരിക്കപ്പെടും; നിന്റെ വാക്കുകളാൽ നീ കുററം വിധിക്കപ്പെടുകയും ചെയ്യും." (മത്തായി. 12.36-37.)

* ക്രിസ്റ്റഫർ പദ്ധതിയുടെ പ്രണേതാവായ ഫാദർ ജയിംസ് കെല്ലർ എം. എം. രചിച്ചിട്ടുള്ള One Moment Please എന്ന അഭിനവഗ്രന്ഥത്തിന്റെ ഒരു സ്വതന്ത്രവിവർത്തനമാണിതു്. ഓരോ ദിവസത്തേക്കുമുള്ള ചിന്തകളാണു് ഇതിലെ ഉള്ളടക്കം.


# Jose Makuden Pulikottil



The youngest custom licensed shipping and clearing agent in Bombay, hailing from Irinjalakuda, will attend to all your shipping and clearing work.

## Makuden Transport Co.

7/10 Botawala Building,
Elphinstone Circle, BOMBAY 1



## ദി ഫെഡറൽ ബാങ്ക് ക്ലിപ്തം, ആലുവാ

അങ്കമാലി—എറണാകുളം—പെരുമ്പാവൂർ—ചാലക്കുടി

ഡെപ്പോസിററുകൾ സ്വീകരിക്കുന്നു.

| | |
|---|---|
| 15 ദിവസത്തെ നോട്ടീസ് ഡെപ്പോസിററ് | 3% |
| ഒരു കൊല്ലം | 4½% |
| രണ്ടു കൊല്ലം | 5% |
| മൂന്നു കൊല്ലം | 5½% |


മാത്രം സഹായകമാണെന്നുള്ളതു് സ്പഷ്ടമാണല്ലോ. ഇപ്രകാരം എറണാകുളം അതിരൂപതയുടെ ആദ്ധ്യാത്മിക ഇടയനും കേരളസുറിയാനി ഹയരാർക്കിയുടെ അഭിവന്ദ്യാദ്ധ്യക്ഷനും കത്തോലിക്കാവൈദികനഭസ്സിലെ ഒരു ജാജ്വല്യതാരവുമെന്നനിലയിൽ സുദീർഘവും ഏററം വിജയകരവുമായ ഒരു സേവനചരിത്രം സൃഷ്ടിച്ചശേഷം തന്റെ പൗരോഹിത്യസുവർണ്ണജൂബിലി കൊണ്ടാടുവാൻ ഭാഗ്യം സിദ്ധിച്ചിരിക്കുന്ന എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സിലേക്കു് കേരളകത്തോലിക്കരുടെ നാമത്തിൽ സകലവിധ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.



കണ്ടത്തിൽ മാർ അഗുസ്തീനോസു തിരുമേനി കാൻഡിയിൽവച്ചു മെത്രാൻപട്ടം സ്വീകരിച്ച അവസരത്തിൽ ഡലിഗററ് അപ്പസ്തോലിക്കാ മോൺ. സലെസ്ത്തിയുടെ ഭവനത്തിൽവച്ചു് കാൻഡി സെമിനാരിയിലെ സുറിയാനിവിദ്യാർത്ഥികളോടുകൂടി എടുത്ത ഫോട്ടോ. മുൻവശത്തു ബെഞ്ചിന്മേൽ, വലത്തുനിന്നു ഇടത്തോട്ടു മൂന്നാംസ്ഥാനം മുതൽ: മെത്രാപ്പോലീത്താച്ചൻ, മാർ ളൂയീസ് മെത്രാൻ, ഡലിഗററ് അപ്പസ്തോലിക്കാ, വൻറീത്തു മെത്രാൻ, കയ്ക്കാളഗ്ഗേരി മെത്രാൻ.

എന്റെ കർത്താവേ! എന്റെ നാവിനെ അങ്ങേ മഹത്വത്തിനായി ഉപയോഗിക്കുവാൻ എന്നെ പഠിപ്പിക്കണമെ.

ജനുവരി 4

അടുത്തകാലത്തു ന്യൂ ജേർസിയിലെ വെസ്റ്റ് മിൽഫോർഡിലെ കോടതി ഒരാൾക്കു ഏതാനും ഡോളർ പിഴയിട്ടു. കാർ സാവകാശത്തിൽ ഓടിച്ചതുനിമിത്തം ഗതാഗതത്തിനു തടസ്സം വരുത്തിയെന്നതാണു അയാളുടെ പേരിലുണ്ടായിരുന്ന ചാർജ്ജ്. ഒരു ഞായറാഴ്ച ദിവസം ഉച്ചകഴിഞ്ഞു. വളരെ തിക്കും തിരക്കുമുള്ള 23-ാം റൂട്ടിൽക്കൂടി മണിക്കൂറിനു 15 മൈൽ മാത്രംവരുന്ന സ്പീഡിലാണത്രെ അയാൾ കാർ ഓടിച്ചതു്. തൽഫലമായി മാർഗ്ഗതടസ്സം നേരിട്ടു് അയാളുടെ വാഹനത്തിന്റെ പുറകിൽ അണിനിരന്ന കാറുകളുടെ ദൈർഘ്യം ഏതാണ്ടു നാലു മൈൽ വരെയായിരുന്നു.

ക്രിസ്റ്റഫർ പ്രസ്ഥാനത്തിന്റെ പ്രധാനോദ്ദേശ്യം നല്ല മനുഷ്യരുടെ "സ്പീഡു" കൂട്ടുകയാണു്. ലോകത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള അവരുടെ സംരംഭത്തിൽ, അവർ വർദ്ധമാനമായ വേഗതയും കാര്യക്ഷമതയും പ്രദർശിപ്പിക്കേണ്ടിയിരിക്കുന്നു. അവർ ഉണർവ്വോടുകൂടിയിരിക്കയും ദൈവം അവർക്കു നിശ്ചയിച്ചുകൊടുത്തിരിക്കുന്ന ഭാഗം ഭംഗിയായി അഭിനയിക്കുകയും ചെയ്യുന്നപക്ഷം അവർ നന്മയ്ക്കുമുള്ള ഒരു വലിയ ശക്തിയായി പരിണമിക്കുന്നതാണു്.

എന്നാൽ ഈ സംഗതി ഗ്രഹിക്കാതെ, തങ്ങളുടെ പരിമിതമായ ലോകത്തിൽ ഒതുങ്ങിപ്പാർക്കാൻ അവർ നിർബ്ബന്ധം പിടിക്കുന്നപക്ഷം, അതിന്റെ പരിണതഫലം—അവർക്കു ഭീകരമായിത്തോന്നുന്ന ആ ഫലം—ഏററവും വിനാശകരമായിരിക്കും. മററുള്ളവരെ സംബന്ധിക്കുന്ന കാര്യങ്ങളിൽ യാതൊരു ശ്രദ്ധയും പതിക്കാതിരിക്കുകയും, അവയിൽനിന്നെല്ലാം ഒഴിഞ്ഞുമാറി ജീവിക്കുകയും, ലോകത്തെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾക്കു പ്രതിവിധി കണ്ടുപിടിക്കുന്നതിൽ സഹകരിക്കാതിരിക്കുകയും ചെയ്യുന്നതു വഴി അവർ മററുള്ളവരുടെ പാതയിൽ വിലങ്ങുതടികളായി ഭവിക്കയാണു ചെയ്യുന്നതു്. ഇത്തരം പ്രതിബന്ധങ്ങളില്ലാതിരുന്നെങ്കിൽ, ലോകത്തിനു നന്മചെയ്യാനായുള്ള പ്രസ്ഥാനങ്ങളിൽ അനേകായിരങ്ങൾ സജീവമായി പങ്കുവഹിക്കുമായിരുന്നു.

"നല്ല ഫലങ്ങൾ കായ്ക്കാത്ത വൃക്ഷമൊക്കെയും വെട്ടി തീയിൽ ഇടപ്പെടും." (ലൂക്കാ. 3.9.)

ദൈവമേ! അങ്ങു് എനിക്കു നിശ്ചയിച്ചു തന്നിരിക്കുന്ന ഭാഗം ഞാൻ പൂർത്തിയാക്കാതിരുന്നാൽ എന്നിൽനിന്നും നേതൃത്വം പ്രതീക്ഷിക്കുന്നവർക്കു ഞാനൊരു പ്രതിബന്ധമായി ഭവിക്കും. ഈ സംഗതി സദാ ഓർമ്മയിൽവച്ചുകൊണ്ടു നടപ്പാൻ എന്നെ സഹായിക്കണമെ.

ജനുവരി 5

ചില മനുഷ്യർ സുഖജീവിതത്തിലേക്കുള്ള കുറുക്കുവഴികൾ കണ്ടുപിടിക്കാൻ സദാ ശ്രമിച്ചുകൊണ്ടിരിക്കയാണു്. ഇതിൽ താല്ക്കാലികമായി അവർ വിജയം വരിച്ചുവെന്നും വന്നേക്കാം. പക്ഷെ ആ വിജയം അധികനാൾ നിലനില്ക്കുകയില്ല—സത്യത്തിന്റെയും നീതിയുടേയും ബാഹ്യമായ ഒരു പ്രദർശനം നടത്തുകമാത്രമാണു് അവർ ചെയ്യുന്നതെങ്കിൽ, ജീവിതത്തിന്റെ പരിപക്വമായ യാഥാർത്ഥ്യങ്ങളുമായി ഇന്നല്ലെങ്കിൽ നാളെ, ഈ ജീവിതത്തിലല്ലെങ്കിൽ വരുവാനിരിക്കുന്ന ജീവിതത്തിൽ, അവർക്കു ഏററുമുട്ടേണ്ടിവരും.

25 വയസ്സായിരുന്ന ക്ലെവെലാൻഡർ എന്ന മനുഷ്യന്റെ അനുഭവം അതാണു്. ആഴ്ചതോറും ശമ്പളമായി കിട്ടിവന്ന തുച്ഛമായ തുകകൊണ്ടു് അയാൾ തൃപ്തനായില്ല. എല്ലാം പ്രാവശ്യവും ഒരേ തുകയ്ക്കുള്ള ചെക്കുതന്നെ വാങ്ങുന്നതിൽ അയാൾക്കൊരു രസവും തോന്നിയില്ല. തന്റെ ദിവാസ്വപ്നങ്ങളെല്ലാം തിടുക്കത്തിൽ സാക്ഷാൽക്കരിക്കാൻ അയാൾ നിശ്ചയിച്ചു. അതിനായെന്തുചെയ്തെന്നോ? 21000 ഡോളർ (ഉദ്ദേശം 90000 രൂപ) ഒരു ബാങ്കിൽനിന്നും തട്ടിയെടുത്തു അയാൾ ഫ്ളോറിഡായിലേക്കു കടന്നുകളഞ്ഞു. 50 ദിവസക്കാലത്തേക്കു് അയാൾ തനിക്കു വെറുതെകിട്ടിയ ഈ ധനം നിർല്ലോഭം ചെലവുചെയ്തു. പക്ഷെ ആ സുഖാനുഭൂതിയെല്ലാം പെട്ടെന്നു നിലച്ചു. 51-ാം ദിവസം പോലീസ് അയാളെ പിടികൂടി. അപ്പോൾ അയാളുടെ കൈയിൽ 1403 ഡോളർ മാത്രമേ ഉണ്ടായിരുന്നുള്ളു. ബാക്കി പണമെല്ലാം "ചൂതുകളിച്ചും മദ്യപാനംചെയ്തും വേശ്യാവൃത്തിയിലേർപ്പെട്ടും കുതിരപ്പന്തയംവച്ചും" നഷ്ടപ്പെടുത്തിയെന്നു് അയാൾ ഏററുപറഞ്ഞു.



കണ്ടത്തിൽ മാർ ആഗുസ്തിനോസ് തിരുമേനി മെത്രാൻപട്ടാഭിഷേകാനന്തരം എറണാകുളത്തു തിരിച്ചെത്തിയപ്പോൾ എടുത്ത ഫോട്ടോ. തിരുമേനിയുടെ കുടുംബാംഗങ്ങളേയും ഇതിൽ കാണാം.

ആ യുവാവിനെപ്പോലെ ബാങ്കിലെ പണം അപഹരിക്കാൻ നമ്മിലധികം പേരും മുതിരുകയില്ല. എന്നുവരികിലും വ്യക്തിപരമായ സുഖ സൗകര്യാദികൾക്കു മുൻഗണന നല്കാനുള്ള ഒരു പ്രലോഭനം


Church Distribution
Pictures Calendars
& Xmas Cards

ഭക്തിപരമായ ചെറിയ പടങ്ങൾ, ചരമവാർഷിക പടങ്ങൾ എല്ലാതരങ്ങളും—കട്ടിയുള്ള ആർട്ടുപേപ്പറിൽ ഭംഗിയുള്ള നിറങ്ങളിൽ അച്ചടിച്ചിട്ടുള്ളതു്.

പ്രഥമദിവ്യകാരുണ്യസ്വീകരണ സ്മാരകങ്ങൾ, വിവിധവലിപ്പത്തിലുള്ള ഫാത്തിമാചിത്രങ്ങൾ— കുറഞ്ഞ വിലനിരക്കു്.

1952-ലെ ഫാത്തിമാകലണ്ടറുകൾ—വില 100 ക്കു് 40 ക. യും 16 ക. യും.

65തരം ചെറിയ ചിത്രങ്ങളുടെ സൗജന്യക്യാററ്ലോഗിനു് 1 ക. 4 ണ. ക്കു് തപാൽ സ്റ്റാമ്പയക്കുക.

എഴുത്തുകൾ ഇംഗ്ലീഷിൽമാത്രം

Fatima Publications,
58/3 Dabish Chambers,
Kunnoth Street, Ballard Estate
Bombay 1


നമുക്കേവർക്കും നിത്യം അനുഭവപ്പെടുന്നുണ്ടെന്നുള്ള പരമാർത്ഥം മറയ്ക്കാവുന്നതല്ല. നാം വി. പൗലോസു ശ്ലീഹായുടെ താഴെചേർക്കുന്ന പ്രബോധനം വിസ്മരിച്ചുപോകുന്നു:—

"നാം ലോകത്തിലേക്കു് ഒന്നുംകൊണ്ടു വന്നിട്ടില്ലല്ലോ. അതിൽനിന്നു യാതൊന്നും കൊണ്ടുപോകാൻ നമുക്കു സാധിക്കയില്ല എന്നതു തീർച്ചയാണു്." (I തിമോ. 6: 7)

പരലോകത്തിൽ ആശ്വസിക്കുവാൻ എനിക്കു ഇടവരുന്നതിനുവേണ്ടി ഇഹത്തിൽ അദ്ധ്വാനശീലനായി വർത്തിക്കുവാൻ എന്റെ ദൈവമേ! എന്നെ പഠിപ്പിക്കണമെ.

ജനുവരി 6

ഇററലിയിൽ ഫ്ളോറൻസിലെ സാൻമാർക്കോ ദേവാലയത്തിലുള്ള ഒരു പുരാതനചിത്രം ഇന്നു ക്രിസ്തുലോകം മുഴുവൻ ആഘോഷിക്കപ്പെടുന്ന മനോഹരതിരുനാളിനെ അനുസ്മരിപ്പിക്കുന്ന ഒന്നാണു്.

നക്ഷത്രംകണ്ടു് ഈശോയെ ആരാധിപ്പാൻ വന്ന പൗരസ്ത്യരാജാക്കന്മാരെപ്പററി അധികമൊന്നും നമുക്കു് അറിഞ്ഞുകൂടാ. പക്ഷെ ഒരുകാര്യം തീർച്ചയാണു്: അവർ ഇസ്രായേൽക്കാരല്ലായിരുന്നു, പുറജാതിക്കാരായിരുന്നു. മിശിഹാ തിരുവവതാരംചെയ്തതു് യഹൂദനും പുറജാതിക്കാരനും വേണ്ടിയാണു്, മനുഷ്യവർഗ്ഗം മുഴുവനും വേണ്ടിയാണു് എന്നതിനെ ഈ വസ്തുത വിളിച്ചറിയിക്കുന്നുണ്ടു്. മാത്രമല്ല, അവരുടെ ആഗമനം, ആ രാജശിശുവിനെ ബഹുമാനിപ്പാനായി അന്നു ചുററുംകൂടിയ ത്രിവിധഗണങ്ങളെ പൂർത്തിയാക്കുകയുംചെയ്യുന്നു. ആ ഗണങ്ങളിലോരോന്നും സുപ്രധാനങ്ങളായ ചില പാഠങ്ങൾ നമ്മെ പഠിപ്പിക്കുന്നുണ്ടു്.

1. അങ്ങയുടെ സ്വന്തക്കാർ: മറിയവും യൗസേപ്പും അങ്ങേക്കു പ്രത്യേകവിധത്തിൽ പ്രിയപ്പെട്ടവരും അങ്ങേക്കു് അടുത്തുവസിക്കുന്നവരുമായ ജനങ്ങളെ പ്രതിനിധാനംചെയ്യുന്നു.

2. ആട്ടിടയന്മാർ. പ്രത്യക്ഷത്തിൽ നിഷ്പക്ഷരായി കാണപ്പെട്ടുവെങ്കിലും, സന്മനോഭാവംനിറഞ്ഞ ജനങ്ങളുടെ പ്രതിനിധികളായിരുന്നു അവർ. ലോകത്തിലുള്ള ആളുകളിൽ അധികഭാഗവും ഈ ഗണത്തിൽ പെടുന്നവരാണു്. അന്നത്തെ പുരോഹിതന്മാരും നിയമജ്ഞന്മാരും ആട്ടിടയന്മാരെ അവജ്ഞയോടെയാണു വീക്ഷിച്ചിരുന്നതു്. കാരണം, അവർ അജ്ഞരും അപരിഷ്കൃതരും മതവിഷയത്തിൽ പുരോഹിതന്മാരും നിയമജ്ഞന്മാരും പുറപ്പെടുവിച്ചിരുന്ന നവീനാഭിപ്രായങ്ങളിൽ തികച്ചും അശ്രദ്ധരും ആയിരുന്നു.

3. പൗരസ്ത്യരാജാക്കന്മാർ. അവർ പുറജാതിക്കാരെ, സത്യദൈവത്തെപ്പററി ഇതഃപര്യന്തം കേട്ടിട്ടില്ലാത്തവരെ, പ്രതിനിധീകരിച്ചിരുന്നു.

ശിശുവായ ഈശോ ഈ ഗണങ്ങൾ ഓരോന്നിനും സ്വാഗതമരുളിയതുപോലെ ഒരു ക്രിസ്റ്റഫർ എല്ലാവരേയും സ്വീകരിക്കുകയും ഒരുത്തരേയും തിരസ്കരിക്കാതിരിക്കുകയും ചെയ്യണം.

"അവനാൽ ആയുസ്സുണ്ടായി. ആയുസ്സോ മനുഷ്യരുടെ വെളിച്ചമാകുന്നു." (യോഹ. 1: 4)

സ്നേഹപൂർവ്വം എല്ലാവരേയും തിരക്കിപ്പുറപ്പെടാൻ കർത്താവേ! എന്നെ സഹായിക്കേണമെ.

ജനുവരി 7

ക്രിസ്റ്റഫർ ആകാൻ ആഗ്രഹിക്കുന്ന ഒരാളിൽ പരിലസിക്കേണ്ട പ്രധാനഗുണം സ്നേഹമാണു്—ദൈവത്തിന്റെയും എല്ലാ മനുഷ്യരുടേയും നേർക്കുള്ള സ്നേഹം. വിദ്വേഷത്തിന്റെയും തെററിദ്ധാരണയുടേയും ഇച്ഛാഭംഗത്തിന്റെയും മറെറല്ലാവിധ പ്രതിബന്ധങ്ങളുടേയും മുമ്പിൽ എത്ര മഹത്തായ സ്നേഹമാണെന്നോ ഒരാൾ പ്രദർശിപ്പിക്കുന്നതു് അത്രയ്ക്കും നിർമ്മലവും നിലനില്ക്കുന്നതുമായിരിക്കും ആ സ്നേഹം മററുള്ളവർക്കു പകർന്നുകൊടുക്കുവാനുള്ള അയാളുടെ ആഗ്രഹവും.

"എല്ലാററിനും മുമ്പായി നിങ്ങൾക്കു് അന്യോന്യം ഉററസ്നേഹം ഉണ്ടായിരിക്കട്ടെ. സ്നേഹം പാപങ്ങളുടെ ആധിക്യത്തെ മറയ്ക്കുന്നുവല്ലോ." (I പത്രോസ് 4: 8)

"നാം മരണത്തിൽനിന്നു ജീവനിലേക്കു മാറിയിരിക്കുന്നു എന്നു നമ്മുടെ സഹോദരന്മാരെ നാം സ്നേഹിക്കുന്നു എന്നതുകൊണ്ടു് നാം അറിയുന്നു. സ്വന്ത സഹോദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കുന്നു." (I യോഹ. 3: 14)

"എന്റെ പ്രിയപ്പെട്ടവരേ! നമുക്കു് അന്യോന്യം സ്നേഹിക്കാം. എന്തെന്നാൽ സ്നേഹം ദൈവത്തിൽനിന്നാകുന്നു. സ്നേഹിക്കുന്ന ഏവനും ദൈവത്തിൽനിന്നു ജനിച്ചവനാകുന്നു; അവൻ ദൈവത്തെ അറിയുകയും ചെയ്യുന്നു." (I യോഹ. 4: 7)

"നാം പരസ്പരം സ്നേഹിക്കുന്നു എങ്കിലോ ദൈവം നമ്മിൽ വസിക്കുന്നു. അവന്റെ സ്നേഹം നമ്മിൽ പൂർത്തിയായുമിരിക്കുന്നു." (I യോഹ. 4: 12)

"നിങ്ങൾക്കു് അന്യോന്യം സ്നേഹമുള്ളപക്ഷം.. നിങ്ങൾ എന്റെ ശിഷ്യന്മാരാകുന്നുവെന്നു എല്ലാവരും അറിയും." (1 യോഹ 13: 35)

എന്റെ കർത്താവേ! അങ്ങയുടെ നേർക്കും മററുള്ളവരുടെ നേർക്കും സ്നേഹം പ്രത്യക്ഷപ്പെടുത്തിക്കൊണ്ടു് ജീവിക്കുന്നതിനു് എനിക്കു വരം നല്കേണമെ.

## സൗജന്യവിതരണ ഫണ്ടു്

| | |
|---|---|
| സി. ഇ. സി. സെക്രട്ടറി, പൈകപള്ളി | ക. 6-0-0 |
| Benefactress | Rs. 9-0-0 |

സഭാവസ്ത്രസ്വീകരണവും

## വ്രതവാഗ്ദാനവും

ഡിസംബർ 17-ാംനു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു മെത്രാപ്പോലീത്താതിരുമേനി കർമ്മലീത്താസഭയിൽപ്പെട്ട 26 അർത്ഥിനികൾക്കു സഭാവസ്ത്രം നല്കുകയും 29 പേരുടെ വ്രതവാഗ്ദാനം സ്വീകരിക്കുകയുംചെയ്തു. ഡിസംബർ 19-ാംനു തിരുമനസ്സുകൊണ്ടു് മെത്രാപ്പോലീത്തൻ പള്ളിയിൽവച്ചു് കൊരട്ടിയിലെ ആരാധനാമഠത്തിൽപ്പെട്ട 12 സഹോദരികളുടെ നിത്യവ്രതവാഗ്ദാനവും സ്വീകരിക്കയുണ്ടായി.



കണ്ടത്തിൽ മാർ ആഗ്രസ്തീനോസ് തിരുമേനി ഐർലണ്ടിന്റെ തലസ്ഥാനമായ ഡബ്ലിൻ പട്ടണത്തിൽ ചെന്നയവസരത്തിൽ അന്നത്തെ ഐർലണ്ടിന്റെ പ്രസിഡണ്ടായിരുന്ന മി. കോസ്ഗ്രേവ് തിരുമോതിരം മുത്തുന്നത്. തിരുമേനിയുടെ പുറകിൽ നിൽക്കുന്നത് വെരി റവ. ഡോ. പഞ്ഞിക്കാരനാണ്. ഐറിഷ് ക്രിസ്ത്യൻ ബ്രദേഴ്സിന്റെ ജനറൽ ആണ് അടുത്തു നില്ക്കുന്നത്.

# ചെറുകഥ

## കത്തോലിക്കാ ചൈതന്യം

(കെ. എം. ജോസഫ്, കന്നുംപുറത്ത്)

കാഴ്ചക്കാരുടെ മനം കവരുന്ന ഒരു മലർവാടി. അസ്തമയസൂര്യന്റെ മനോഹരകിരണങ്ങൾ ആ പൂന്തോപ്പിൽ നൃത്തം ചെയ്ത സായംസന്ധ്യസമയത്തെ ഇളംതെന്നൽ ആ സൗരഭ്യകുസുമങ്ങളെ പരസ്പരം ചുംബനം ചെയ്യിച്ചു. പൈങ്കിളികളുടെ കളകൂജനവും, കരിവണ്ടുകളുടെ സംഗീതവും അന്തരീക്ഷത്തെ മുഖരിതമാക്കി. ഒരു വലിയ ജനക്കൂട്ടം ആ മലർവാടിയിലെ സുഗന്ധം ആസ്വദിക്കുവാൻ വന്നെത്തി. അതിനിടയിൽ ഒരു കാറ് വാഴഭാഗത്തിൽ പൂന്തോപ്പിന്റെ തയിറിനരികെ വന്നു നിന്നു. പരിപാവനമായ ദാമ്പത്യബന്ധത്തെ പ്രത്യക്ഷപ്പെടുത്തുമാറ് കൈകൾ കൈപിടിച്ച് രണ്ടുപേർ ആ കാറിൽനിന്നും ഇറങ്ങി മലർവാടിയിലേക്കു മന്ദം മന്ദം നടന്നു. അപ്പോൾ മണി നാലേ ആയിക്കഴിഞ്ഞിരുന്നു. സ്കൂൾകുട്ടികൾ അവിടവിടെ വീട്ടുകളിലേക്ക് പോയിത്തുടങ്ങി. കത്തോലിക്കരുടേയും, അകത്തോലിക്കരുടേയും സ്കൂളുകളിൽനിന്നും പോകുന്നവരാണ് ആ കുട്ടികൾ. അടുത്തെങ്ങും കത്തോലിക്കരുടെവക സ്കൂളുകളില്ലായ്കയാൽ ബോർഡിംഗിൽ വസിച്ചു പഠിക്കുന്ന കുട്ടികളും അപൂർവ്വമല്ല. വിവിധവിഷയങ്ങളെ ആസ്പദമാക്കി സംസാരിച്ചുകൊണ്ട് അവർ നടന്നിരുന്നു. കത്തോലിക്കരുടേയും അകത്തോലിക്കരുടേയും സന്താനപരമ്പരകൾ ഇടകലർന്ന് വഴി മുഴുവൻ നിറഞ്ഞു. കുട്ടികളുടെ ബഹളവും സംസാരവും ആ ദമ്പതിമാരെ തങ്ങളിലേക്കാകർഷിച്ചു. അവിടെ അടുത്തുണ്ടായിരുന്ന ഒരു പള്ളിയിൽ കയറി വിസിറ്റ കഴിഞ്ഞു മടങ്ങുന്ന കത്തോലിക്കാ വിദ്യാർത്ഥിനീവിദ്യാർത്ഥികളുടെ സ്വഭാവത്തെപ്പറ്റി ആ ദമ്പതികൾ ആലോചിച്ചു. അതിനിടയിൽ ഒരു ബാലൻ: "നമുക്കു പോകാം, പള്ളിയിൽ ചെന്ന് കുമ്പസാരിച്ചു പോരാം." എല്ലാവരും അവനെ പിൻതാങ്ങിയില്ല. "ഞങ്ങൾ നാളെയേ പോകുന്നുള്ളു. അച്ചന്മാർക്ക് എന്താണ് ഉദ്യോഗം? തിന്നിട്ടും കുടിച്ചും കഴിഞ്ഞ് വെറുതെ കിടന്ന് ഉറക്കമല്ലേ? പിന്നെ അവർക്ക് എത്ര നേരം വേണമെങ്കിലും ഇരുന്ന് കുമ്പസാരിപ്പിച്ചാൽ എന്താണ്?" ഒരു വിരുതൻ സാമർത്ഥ്യത്തോടുകൂടി പറഞ്ഞു.

അച്ചന്മാരുടെ ജീവിതരീതിയെപ്പറ്റിയും കഷ്ടതകളെപ്പറ്റിയും നല്ലപോലെ അറിവുള്ള ജയിംസ് അതിനെ എതിർത്തു. "എന്റെ പൊന്നു ചങ്ങാതീ! നമ്മുടെ ഇഷ്ടത്തിനെല്ലാം ഒരുപോലെ പ്രവർത്തിക്കുവാൻ ഒരച്ചനെക്കൊണ്ട് എങ്ങനെ സാധിക്കും? ഇന്ന് വെള്ളിയാഴ്ചയാണ്. ഇപ്പോൾത്തന്നെ കുമ്പസാരിച്ച് പോയാൽ രാവിലെ വന്ന് വി. കുർബാന ഉൾക്കൊള്ളാമല്ലോ. നാളെയാണെങ്കിൽ അപ്പാപ്പന്മാരും അമ്മാമ്മമാരും എല്ലാം ഇങ്ങു വരും. ആരെയാണ് അച്ചൻ ഉപേക്ഷിക്കേണ്ടത്. എല്ലാവരേയും കുമ്പസാരിപ്പിച്ചു വിടണ്ടേയോ?" "വേണ്ടെടാ ഉവ്വ! നിന്റെ പ്രസംഗമൊന്നും എനിക്കു കേൾക്കണ്ട. മനസ്സുണ്ടെങ്കിൽ നാളെ കുമ്പസാരിപ്പിക്കട്ടെ. അല്ലെങ്കിൽ വേണ്ട" എന്നു വേറൊരാൾ. തന്റെ അഭ്യർത്ഥന നിരാകരിക്കപ്പെടുന്നതു ജയിംസിനിഷ്ടമല്ല. അവൻ തുടർന്നു: "എന്റെ സ്നേഹിതാ! രാവിലെ 6 മണി മുതൽ എങ്കിലും, ആ അച്ചൻ കുമ്പസാരിപ്പിക്കുന്നില്ലേ? ഒരു ഒറ്റ ഇരിപ്പിൽ തന്നെ എത്ര പേരെയാണ് കുമ്പസാരിപ്പിച്ചു വിടുന്നത്. വായ് നാറുന്നവരുണ്ട്; ചെവിപ്പഴുപ്പ് മുതലായവയാൽ നാറുന്നവരുണ്ട്; അക്ഷരജ്ഞാനമില്ലാതെ കുത്തു മുട്ടിപ്പറഞ്ഞ് നേരം കളയുന്നവരുണ്ട്. എന്താണ് കുമ്പസാരിച്ചതെന്നും, പ്രായശ്ചിത്തം എത്തിച്ചോ എന്നുപോലും നിശ്ചയമില്ലാത്തവരുണ്ട്. ഇവരെയൊക്കെ കുമ്പസാരിപ്പിക്കുന്ന അച്ചൻ, എത്ര ക്ഷമാശീലനും ത്യാഗശാലിയുമാണെന്ന് ഒന്നു ചിന്തിച്ചുനോക്കുക. നാം ഒരിക്കലും അച്ചന്മാരെ ദൂഷിക്കരുത്. അവർ ദൈവത്തിന്റെ പ്രതിനിധികളല്ലേ! അവരെ നാം എത്ര ബഹുമാനിച്ചാലും അത് മതിയാകയില്ല. അതിനാൽ നമുക്ക് പോകാം. പോയി കുമ്പസാരിക്കാം." ഇതുവന്ന എല്ലാവരും സമ്മതിച്ചു. അകത്തോലിക്കാ വിദ്യാർത്ഥികളും, അവരോടുകൂടി അകത്തോലിക്കരുടെ വിദ്യാലയങ്ങളിൽ പഠിക്കുന്ന കത്തോലിക്കാ വിദ്യാർത്ഥികളും അതിലെ കടന്നു. എന്നാൽ ആ ദിവ്യക്കൂടാരത്തിൽ എഴുന്നള്ളിയിരിക്കുന്ന ഈശോയെ ഒരു നോക്കു കണ്ടു സംസാരിക്കുവാൻ—അങ്ങേ ആശ്വസിപ്പിക്കുവാൻ—ആ ബാലസംഘം മുതിർന്നില്ല.

മലർവാടിസന്ദർശനം കഴിഞ്ഞു വീട്ടിലേക്കു മടങ്ങുവാൻ തയാറായിനിന്നിരുന്ന ആ ദമ്പതിമാർ (ചാക്കോച്ചനും മേ


വി. തിരുകുടുംബത്തിന്റെയും വി. കൊച്ചുത്രേസ്യായുടെയും അനുഗ്രഹത്താലും ബ. അൽഫോൻസാമ്മയുടെ മാദ്ധ്യസ്ഥതാലും ലഭിച്ചിരിക്കുന്ന അനവധി അനുഗ്രഹങ്ങൾക്കു കൃതജ്ഞത.

ചാക്കോ ജോസഫ്, മേലേക്കുടപ്പാട്ട്


രിയും) ഈ സംഭവങ്ങളെല്ലാം കാണുന്നുണ്ട്. തങ്ങളുടെ കുട്ടികളും ഇതുപോലെ ഒരു അകത്തോലിക്കാ വിദ്യാലയത്തിലാണല്ലോ പഠിക്കുന്നത് എന്നും, ഈ ചീത്ത കുട്ടികളെപ്പോലെതന്നെ തങ്ങളുടെ സന്താനങ്ങളും ഈശോയോട് നന്ദിയില്ലാത്തവരായി വർത്തിക്കുമല്ലോ എന്നും ചിന്തിച്ചപ്പോൾ ആ മാതൃഹൃദയം തീയിൽവീണ മെഴുകുപോലെ ഉരുകിത്തുടങ്ങി. തങ്ങളുടെ കുട്ടികളെ അകത്തോലിക്കാ വിദ്യാലയത്തിൽ വിട്ടു പഠിപ്പിക്കുവാൻ കാരണക്കാരനായ ചാക്കോച്ചനെ, മേരി ഉഗ്രമായി ഒന്നു നോക്കി. എന്നാൽ ആ നോട്ടം ദയനീയവും സഹതാപജനകവുമായിരുന്നു. അവളുടെ ഹൃദയം വികാരങ്ങൾകൊണ്ട് നിറഞ്ഞു. "കണ്ടില്ലേ! അകത്തോലിക്കാ വിദ്യാലയങ്ങളിൽ പഠിക്കാനയക്കുന്ന മക്കളുടെ വിശേഷം! ഞാൻ അന്നേ പറഞ്ഞതാണ് നമ്മുടെ കുഞ്ഞുങ്ങളെ ഇതരമതസ്ഥരുടെ സ്കൂളുകളിൽ വിടരുതെന്ന്. ഇതുതന്നെയല്ല നമ്മുടെ കുഞ്ഞുങ്ങളുടേയും പണം!" അവൾ ഭർത്താവിനോട് ആവലാതിപ്പെട്ടു. കാര്യം ചാക്കോച്ചന് ബോധ്യപ്പെട്ടെങ്കിലും അതുപെട്ടെന്ന് സ്ത്രീകളുടെ മുമ്പിൽ കാര്യം സമ്മതിക്കുന്നത് ശരിയല്ലല്ലോ എന്നുള്ള പുരുഷസഹജമായ വാസനയാൽ അയാൾ അത് ഉടനെ സമ്മതിച്ചില്ല. തന്റെ തെറ്റ് തീർത്തുവാൻ ശ്രമിച്ചുതുടങ്ങി.

"മേരി! മനുഷ്യരാശിക്ക് ഒഴിച്ചുകൂടുവാൻ പാടില്ലാത്ത ജീവസന്ധാരണത്തിന് അത്യാവശ്യമായ വിദ്യാഭ്യാസം സ്ത്രീപുരുഷഭേദമെന്യേ ലഭിക്കുകതന്നെ വേണം. തങ്ങളുടെ മക്കൾക്ക് വേണ്ടത്ര വിദ്യാഭ്യാസം നൽകേണ്ടത് മാതാപിതാക്കന്മാരുടെ കടമയാണ്." ചാക്കോച്ചൻ കാര്യമായി—ഗൗരവമായി പറഞ്ഞുതുടങ്ങി. പക്ഷേ! മേരി അതിൽ അടിപ്പെട്ടില്ല. അവൾ തുടർന്നു: "കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നത് വളരെ നന്ന്; പക്ഷേ സഹചര്യം നന്നായിരിക്കണം. ഇന്നത്തെ ആധുനികലോകത്തിൽ വിദ്യാലയങ്ങളിൽ ദിനംപ്രതി നടമാടുന്ന സംഭവവികാസങ്ങളെപ്പറ്റി നാം എന്തറിയുന്നു? പ്രത്യേകിച്ച് "അടിച്ചുകൂട്ടും അരസരണവും" ഇല്ലാത്ത അകത്തോലിക്കാ വിദ്യാലയങ്ങളിലെ സ്ഥിതിയെപ്പറ്റിയാണ് ഞാൻ പറയുന്നത്. പോരെങ്കിൽ നമ്മുടെ ലില്ലിക്ക് പതിനാറു വയസ്സ്. ഇനിയും അവളെ സ്കൂളിൽ വിടുന്നതു ചെന്ന എനിക്കിഷ്ടമല്ല." അവർ കുറേനേരം മിണ്ടാതെയിരുന്നു. ചാക്കോച്ചൻ തനിക്കുപറ്റിയ വിപത്തിനെപ്പറ്റി ചിന്തിച്ചു. "പെണ്ണിന്റെ വയസ്സൊന്നും സാരമില്ല മേരി! അവളെക്കാൾ എത്ര വലിയ അമ്മച്ചിമാർ അവിടെ പഠിക്കുന്നുണ്ട്. ദൈവഭയമുള്ള കുഞ്ഞുങ്ങൾ ഏതു സ്കൂളിൽ പഠിച്ചാലെന്ത്?" ചാക്കോച്ചൻ സാവകാശം പറഞ്ഞു. ഇപ്പോഴും തന്റെ തെറ്റിനെപ്പറ്റി അയാൾക്ക് ബോദ്ധ്യം വന്നില്ല. പക്ഷേ ആ മാതൃഹൃദയം വെന്തുനീറുകയാണ്. അവളുടെ കണ്ണുകൾ മിന്നൽപ്പിണറുകൾപോലെ തിളങ്ങി. "എനിക്ക് ഈ പിന്നാലാട്ടം ഒന്നും കേൾക്കണ്ട. താങ്കൾ ഇന്നുതന്നെ ഇൻസ്പെക്ടറാഫീസിലേക്ക് പോവുകതന്നെ വേണം. സ്കൂൾ തുറന്നിട്ട് അധികമായില്ലല്ലോ. സർട്ടിഫിക്കറ്റ് വാങ്ങി ലില്ലിയെ മഠംവക സ്കൂളിലും, മററവരെ രണ്ടുപേരെയും കൊവേന്തവക ഹൈസ്കൂളിലും വിട്ടു പഠിപ്പിക്കണം. മേലാൽ നമ്മുടെ കുഞ്ഞുങ്ങൾ അകത്തോലിക്കരുടെ സ്കൂളിൽ പോയി പഠിക്കാൻ ഇടയാകരുത്. അതുപോലെതന്നെ ചീത്ത കൂട്ടുകെട്ടും അവരെ വിട്ടുമാറിക്കൊള്ളും. കണ്ടില്ലേ! അങ്ങേക്കൂറെ കുഞ്ഞമ്മ, നായർസൊസൈറ്റിവക സ്കൂളിൽ പോയി പഠിച്ചതിന്റെ ഫലം. വീടിനും നാടിനും, സമുദായത്തിനും, സ്വന്തം ആത്മാവിനും നാശം വരുത്തിവയ്ക്കുന്ന പാപരീതി! വെറുതെയാണോ ഞായറാഴ്ചതോറും ആ പാവപ്പെട്ട അച്ചൻ പ്രസംഗത്തിൽ വിളിച്ചു പറയുന്നത്, "കുട്ടികളെ അകത്തോലിക്കാ സ്കൂളുകളിൽ വിടരുത്" എന്ന്. വൈദികർ പറയുന്നതിന്റെ സാരം ശരിയായി ഗ്രഹിക്കാത്തതുകൊണ്ട് എന്തെല്ലാം നാശങ്ങളാണ് സംഭവിക്കുന്നത്. "വിദ്യാഭ്യാസം" ലോകജീവിതത്തിനാവശ്യമാണെങ്കിൽ "വിശുദ്ധി" പരലോകപ്രാപ്തിക്കും ആവശ്യമാണ്. അതിനാൽ ദയവായി താങ്കൾ പോയി അനുവാദം വാങ്ങിക്കൊണ്ടുവന്നാലും." കോപാക്രാന്തയായ മേരി നീണ്ട ഒരു പ്രസംഗം അങ്ങു തട്ടിവിട്ടു. ഈ പ്രാവശ്യം അവളുടെ ആഗ്രഹം സഫലമായി. ചാക്കോച്ചൻ ഭാര്യയുടെ നിഷ്കളങ്കമായ ശൗര്യത്തെ സ്തുതിച്ചുകൊണ്ട് തദനുസരണം യാത്രയായി.



മാർ ളൂയീസ് മെത്രാച്ചന്റെ ദേഹവിയോഗം. മെത്രാന്മാരിൽ നടുവിൽ കണ്ടത്തിൽ മാർ ആഗ്രസ്തീനോസ് തിരുമേനിയും തിരുമേനിയുടെ വലത്തുവശത്ത് വരാപ്പുഴ മെത്രാപ്പോലീത്താ ഏയ്ഞ്ചൽ മേരി തിരുമേനിയും ഇടതുവശത്ത് കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനിയും നില്ക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ബി. എ., ഡി. ഡി.

Vol. 25 ‖ ERNAKULAM, DECEMBER 26, 1951 ‖ No 19


# വന്ദ്യപിതാവ് വിജയിക്കട്ടെ!

സത്യദീപത്തിന്റെ ജനയിതാവും രക്ഷാധികാരിയുമായ എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗുസ്തിനോസ് തിരുമേനി പൗരോഹിത്യപട്ടം സ്വീകരിച്ചിട്ട് ഇക്കഴിഞ്ഞ വെള്ളിയാഴ്ച 50 വർഷങ്ങൾ പൂർത്തിയായിരിക്കുന്നു. അതിൽ 40 വർഷവും ഒരു വൈദികമേലദ്ധ്യക്ഷൻ എന്ന നിലയിലാണ് അവിടുന്നു സേവനമനുഷ്ഠിച്ചിട്ടുള്ളത്. ഇന്നു എറണാകുളം അതിരൂപതയ്ക്കു കൈവന്നിട്ടുള്ള അഭിവൃദ്ധിക്ക് അതിരൂപത പ്രധാനമായി അഭിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയോടാണു കടപ്പെട്ടിരിക്കുന്നത്. ഈ അതിരൂപതയുടെ ശ്രേയസ്കരമായ നിലയെപ്പറ്റിയുള്ള ഒരേകദേശജ്ഞാനം ഞങ്ങൾ അന്യത്ര ചേർത്തിരിക്കുന്ന ലേഖനത്തിൽനിന്നു ലഭിക്കുന്നതാണ്.

വന്ദ്യതിരുമേനിയുടെ വ്യക്തിവിലാസത്തെപ്പറ്റി പ്രതിപാദിക്കുന്നതു തിരുമേനിക്കു ഇഷ്ടപ്പെടുകയില്ലെന്നു ഞങ്ങൾക്കറിയാം. എന്നിരിക്കിലും ഒന്നുരണ്ടു സംഗതികൾ പരാമർശിക്കാതെ വിട്ടുകളയാൻ നിവൃത്തിയില്ല. തിരുമനസ്സിലെ അടിയുറച്ച ദൈവവിശ്വാസവും അജയ്യമായ ആദ്ധ്യാത്മികചൈതന്യവുമാണു തിരുമേനിയുടെ സർവ്വതോമുഖമായ വിജയത്തിനു നിദാനമായിരുന്നിട്ടുള്ളത്. ചിലർ വിചാരിക്കുന്നതുപോലെ വൈദികജീവിതവും മെത്രാൻപദവിയും അതിരൂപതാഭരണവും റോസാപുഷ്പങ്ങൾ വിതറിയിട്ടുള്ള രാജപാതയിൽക്കൂടിയുള്ള ഒരു സായംസഞ്ചാരമല്ല. കല്ലും മുള്ളും, നിറഞ്ഞ, വിലങ്ങുതടികൾ ആദ്യന്തം നിരന്നുകിടക്കുന്ന ദുർഘടവഴിയിൽക്കൂടിയുള്ള ക്ലേശാവഹമായ ഒരു പ്രയാണമാണത്. ഉത്തരവാദിത്വത്തിന്റെ ഉന്നതപീഠങ്ങളിൽ കയറിയിരിക്കുന്നവർക്കേ അതു അനുഭവവേദ്യമാകയുള്ളു. മെത്രാന്മാർ ധരിക്കുന്ന കുരിശിന്റെ സുവർണ്ണപ്പകിട്ടാണു സാധാരണക്കാരെ ആകർഷിക്കുന്നത്. പക്ഷെ മിന്നിത്തിളങ്ങുന്ന ലോഹംകൊണ്ടു നിർമ്മിതമായിരുന്നാലും അതൊരു കുരിശാണെന്ന സംഗതി അവർ വിസ്മരിച്ചുപോകുന്നു. ജീവിതക്ലേശങ്ങളെ ആത്മീയജ്ഞന്മാരായ മെത്രാന്മാർ പൊന്നുപോലെ കരുതുന്നുവെന്നാണ് അവർ വക്ഷസ്സിൽ ധരിക്കുന്ന പൊൻകുരിശു സൂചിപ്പിക്കുന്നത്. ഈ മനോഭാവത്തോടുകൂടിയാണു ജൂബിലേറിയനായ വന്ദ്യപിതാവു അതിരൂപതാഭരണത്തിന്റെ ഭാരങ്ങൾ പേറിക്കൊണ്ടു മുന്നോട്ടുപോയിട്ടുള്ളത്. അന്തരീക്ഷം കാറും കറുപ്പും നിറഞ്ഞിരിക്കുന്നതിനെ തിരുമേനി പലപ്പോഴും ദർശിച്ചിട്ടുണ്ട്. രാഷ്ട്രീയവും വിദ്യാഭ്യാസപരവുമായ പല കോളിളക്കങ്ങളേയും തിരുമേനിക്കു അഭിമുഖീകരിക്കേണ്ടിവന്നിട്ടുമുണ്ട്. എന്നിരിക്കിലും തിരുമനസ്സുകൊണ്ടു ഭഗ്നോത്സാഹനായിട്ടില്ല; ചഞ്ചലചിത്തനായിട്ടില്ല. ധൈര്യസമേതം മുന്നോട്ടുപോകുകയാണു ചെയ്തിട്ടുള്ളത്. ഇക്കഴിഞ്ഞ വിദ്യാഭ്യാസപ്രക്ഷോഭണത്തിൽ തിരുമനസ്സുകൊണ്ടു നല്കിയ സുധീരനേതൃത്വം ഇതിനു ദൃഷ്ടാന്തമത്രെ. ഇപ്രകാരം തടസ്സങ്ങളെ തന്റേടത്തോടെ തട്ടിനീക്കിക്കൊണ്ടു വിജയമാർഗ്ഗത്തിൽക്കൂടിത്തന്നെ ചരിക്കുന്നതിനു തിരുമേനിയെ സഹായിച്ചിട്ടുള്ളതു മേല്പറഞ്ഞതുപോലെ തിരുമേനിയുടെ അടിയുറച്ച ദൈവവിശ്വാസവും ആദ്ധ്യാത്മികചൈതന്യവുമാണ്. "എനിക്കു ശക്തി നല്കുന്ന ദൈവത്തിൽ എനിക്കു സകലവും സാദ്ധ്യമാണ്" എന്ന വി. പൗലോസ്ശ്ലീഹായുടെ വാക്യം തിരുമേനിയുടെ ജീവിതത്തിൽ എത്രയും അന്വർത്ഥമായിരിക്കുന്നു.

തിരുമേനിയിൽ പ്രശോഭിക്കുന്ന മറ്റൊരു വിശിഷ്ടഗുണം അജഗണങ്ങളുടെ നേർക്കുള്ള ആത്മാർത്ഥമായ സ്നേഹവും അവരുടെ ലൗകികവും ആദ്ധ്യാത്മികവുമായ അഭ്യുദയത്തിലുള്ള ആകാംക്ഷയുമാണ്. മിതഭാഷിയും ബഹുകാര്യവ്യഗ്രനുമായ തിരുമനസ്സുകൊണ്ട്, തന്റെ ഹൃദയാന്തർഭാഗത്തു അനുസ്യൂതം അലതല്ലുന്ന ഈ വികാരങ്ങളെ എല്ലായ്പോഴും ബാഹ്യമായി പ്രകാശിപ്പിച്ചെന്നുവരികയില്ല. എന്നാലും തിരുമനസ്സിലെ പൈതൃകവാത്സല്യത്തിന്റെ പരിധിയിൽ എല്ലാവരും പെടുന്നുണ്ടെന്നു നിസ്സംശയം പറയാവുന്നതാണ്. തിരുമനസ്സിലെ ദീനാനുകമ്പയ്ക്കു അവിടുത്തെ നേതൃത്വത്തിൽ അതിരൂപതയിൽ സമാരംഭിച്ചിട്ടുള്ള നിരവധി പരോപകാരസ്ഥാപനങ്ങൾ സാക്ഷ്യംവഹിക്കുന്നുണ്ട്. അവയുടെ ഗുണഫലങ്ങൾ കത്തോലിക്കർമാത്രമല്ല, അക്രൈസ്തവർകൂടി അനുഭവിച്ചുവരുന്നു. തിരുമനസ്സുകൊണ്ടു സ്ഥാപിച്ചിട്ടുള്ള വിദ്യാലയങ്ങളുടെ സ്ഥിതിയും ഇതുതന്നെ. അതിരൂപതാതിർത്തിയിൽ തിരുമേനിയുടെ അധികാരത്തിനു വിധേയമായി കർമ്മലീത്താവൈദികർ പ്രശസ്തമായി നടത്തിവരുന്ന ഒരു കോളേജ് ഉണ്ടായിരുന്നിട്ടും, കിഴക്കൻ പ്രദേശങ്ങളുടെ പ്രത്യേകാവശ്യവും വളർന്നുവരുന്ന മൂവാറ്റുപുഴ പട്ടണത്തിന്റെ പ്രാധാന്യവും മനസ്സിലാക്കി ബഹുമുഖമായ ത്യാഗങ്ങൾ സഹിച്ച് അവിടെ ഒരു കോളേജ് സ്ഥാപിക്കുവാൻ തിരുമനസ്സുകൊണ്ടു തീരുമാനിച്ചതു വിദ്യാദാനവിഷയത്തിലും യുവാക്കന്മാരുടെ സ്വഭാവരൂപവൽക്കരണത്തിലും തിരുമേനിക്കുള്ള അഭിനിവേശത്തിന്റെയും പുരോഗമനാത്മകമായ വീക്ഷണത്തിന്റെയും പ്രത്യക്ഷലക്ഷ്യങ്ങളാണ്.

1924-ൽ കേരളം സന്ദർശിച്ച ഫാദർ ജിൽ എസ്. ജെ. — കൽക്കട്ടായിൽ നിന്നു പുറപ്പെടുന്ന ഹെരൾഡ് പത്രത്തിന്റെ മുൻഗാമിയായിരുന്ന "കത്തലിക് ഹെരൾഡ്" പത്രത്തിന്റെ അധിപരായിരുന്ന പ്രശസ്ത പണ്ഡിതൻ — മെത്രാപ്പോലീത്താ തിരുമേനിയുടെ വേദപ്രചാരതല്പരതയെപ്പറ്റിയും കർമ്മകുശലതയെപ്പറ്റിയും രേഖപ്പെടുത്തിയിരിക്കുന്നതു പ്രത്യേകം ശ്രദ്ധാർഹമായിരിക്കുന്നു. "രണ്ടുവർഷം മുമ്പ് എറണാകുളത്തെ സുറിയാനിമെത്രാപ്പോലീത്ത തന്റെ വൈദികരോടു് ഇപ്രകാരം പറഞ്ഞു: നാലുകൊല്ലം കഴിയുമ്പോഴേക്കും നിങ്ങൾ എന്റെ ജൂബിലി ആഘോഷിക്കും. പക്ഷെ ഞാനാവശ്യപ്പെടുന്ന ഏകസമ്മാനം അക്രൈസ്തവർഗ്ഗങ്ങളിൽനിന്നുമുള്ള 10 000 മാനസാന്തരങ്ങളാണ്. അതിനുശേഷം ഇപ്പോഴതാ രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. ജൂബിലിപ്രമാണിച്ചുള്ള മാനസാന്തരങ്ങളുടെ എണ്ണം ഇതിനകം 6.000 ആയിട്ടുണ്ട്. അഭിവന്ദ്യ തിരുമേനിക്കു തന്റെ ജൂബിലിക്കാഴ്ച ലഭിക്കുകതന്നെ ചെയ്യും. രൂപതയുടെ കിഴക്കെ അതിർത്തിയിലുള്ള പഴനിമലകൾവരെ യുവവൈദികർ എത്തിക്കഴിഞ്ഞിരിക്കുന്നു. അവിടത്തെ ആദിമനിവാസികളുടെ ഇടയിൽ അവർ വാസം ഉറപ്പിച്ചിരിക്കയാണ്........

"ഇൻഡ്യാക്കാരനായ ആ മേലദ്ധ്യക്ഷന്റെ മുമ്പിൽ ഞാൻ മുട്ടുകുത്തി. തീക്ഷ്ണതയേറിയ ആ അഭിപ്രായം പുറപ്പെടുവിച്ച തീക്ഷ്ണതയേറിയ ഒരു മെത്രാപ്പോലീത്താ തന്നെയാണ് അദ്ദേഹമെന്നു അപ്പോഴെനിക്കു ബോദ്ധ്യപ്പെട്ടു —ഹ്രസ്വകായൻ, കൃശഗാത്രൻ, കാര്യമാത്രപ്രസക്തൻ; കുശലപ്രശ്നങ്ങളൊന്നും സ്ഥാനം നൽകാത്തവൻ (Short, thin, business-like, with no nonsense about him), ഒരു മിഷൻരാജ്യത്തിൽ ഒരാൾ കണ്ടുമുട്ടുവാൻ ഇഷ്ടപ്പെടുന്നതരം ഒരു മെത്രാപ്പോലീത്ത ഒരുമണിക്കൂർ നേരത്തേക്ക് അദ്ദേഹം എന്നോടു് കുശലപ്രശ്നം ചെയ്തു; സഹകരണപ്രസ്ഥാനങ്ങളെപ്പറ്റി കഴിയുന്നിടത്തോളം വിവരങ്ങൾ അദ്ദേഹം എന്നിൽനിന്നു ചോദിച്ചു മനസ്സിലാക്കി. അനന്തരം അദ്ദേഹം പറഞ്ഞു: രണ്ടാഴ്ചത്തേക്കു നീണ്ടുനില്ക്കുന്ന ഇടവകസന്ദർശനങ്ങൾക്കായി എനിക്കു പുറപ്പെടാനുള്ളതുകൊണ്ട് ഉടനെ വിരമിക്കേണ്ടിയിരിക്കുന്നതിൽ ഖേദിക്കുന്നു. തൽക്ഷണം അദ്ദേഹം പോയിക്കഴിഞ്ഞു." (Christianity at Home page 30)

ഏവംവിധങ്ങളായ തിരുമേനിയുടെ സദ്ഗുണങ്ങളെപ്പറ്റിയും നേട്ടങ്ങളെപ്പറ്റിയും പറഞ്ഞുതുടങ്ങിയാൽ അവസാനിക്കയില്ല. തിരുമേനിയുടെ വേദപ്രചാരതല്പരതയുടെ മൂർത്തീകരണമാണ് സത്യദീപം. തിരുമേനിക്കു ഏറ്റവുമധികം അഭിമാനം കൊള്ളാവുന്നതായും വിജയശ്രീലാളിതമായും അതു നിലകൊള്ളുന്നു. ഈ പത്രശിശുവിനു തിരുമേനിയോടുള്ള കടപ്പാടിനെ ഇവിടെ രേഖപ്പെടുത്തിക്കൊള്ളട്ടെ.

ശ്രേഷ്ഠമായ മെത്രാപ്പോലീത്താസ്ഥാനമലങ്കരിക്കുമ്പോൾ പൗരോഹിത്യരജതജൂബിലിയും മെത്രാൻസ്ഥാനാരോഹണത്തിന്റെ രജതജൂബിലിയും മാത്രമല്ല, പൗരോഹിത്യസുവർണ്ണജൂബിലിയുംകൂടി ആഘോഷിക്കുവാൻ ഇടവരുകയെന്നതു് അനന്യസാധാരണമായ ഒരു ഭാഗ്യമാണ്. വന്ദ്യപിതാവിനും അവിടുത്തെ മക്കൾക്കും കൈവന്ന ഈ മഹാഭാഗ്യത്തെ പ്രതിയും തിരുമേനിമുഖേന അവിടുത്തെ അജഗണങ്ങൾക്കും കേരളത്തിലാകമാനവും ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങളെപ്രതിയും ദൈവത്തിനു സദാകാലവും നാം നന്ദിപറയേണ്ടതാണ്. ഈ ചുമതല നിർവ്വഹിക്കുന്നതിനു തിരുമനസ്സിലെ അജഗണങ്ങൾ യഥാശക്തി പരിശ്രമിച്ചിട്ടുമുണ്ട്. കഴിഞ്ഞ രണ്ടുമൂന്നു മാസക്കാലത്തിനിടയ്ക്കു് ജൂബിലിസ്മാരകമായി എറണാകുളം അതിരൂപതയിലെ 46 പള്ളികളിൽ നാല്പതുമണിയാരാധന നടത്തിക്കഴിഞ്ഞു. മറ്റെല്ലാ പള്ളികളിലും ആശ്രമകപ്പേളകളിലും പതിമൂന്നുമണിയാരാധനയും നടത്തി. അവയെല്ലാം മകുടം ചാർത്തുമാറു് എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ ഈവരുന്ന വെള്ളി, ശനി, ഞായർ എന്നീ ദിവസങ്ങളിൽ നാല്പതുമണിയാരാധനയും 31 ാം നു തിങ്കളാഴ്ച കാലത്തു പൊന്തിഫിക്കൽ കുർബാനയും മൂന്നുമണിക്കു ഗംഭീരമായ രീതിയിലും എറണാകുളം പട്ടണം ഇതഃപര്യന്തം ദർശിച്ചിട്ടില്ലാത്ത വിധത്തിലും ഒരു ദിവ്യകാരുണ്യപ്രദക്ഷിണവും നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. പ്രദക്ഷിണം മെത്രാപ്പോലീത്തൻ പള്ളിയിൽനിന്നു ആരംഭിച്ച് കമനീയമായി അലങ്കരിച്ചിരിക്കുന്ന ബ്രോഡ്‌വേയിൽക്കൂടി തെക്കോട്ടു നീങ്ങി ബോട്ടുജെട്ടിക്കു തെക്കുവശത്തുള്ള പാർക്കിൽ പ്രത്യേകം തയ്യാർ ചെയ്യുന്ന പുഷ്പമണ്ഡപത്തിൽവച്ചു നടക്കുന്ന പ. കുർബാനയുടെ ആശീർവ്വാദത്തോടുകൂടി അവസാനിക്കുന്നതാണെന്നറിയുന്നു.

അരശതാബ്ദകാലം അതിവന്ദ്യപിതാവിന്റെ കരങ്ങളിൽ അനുദിനം എഴുന്നള്ളിവന്ന സ്നേഹരാജനായ ഈശോയോടു് ഇപ്രകാരം പരസ്യമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നതു ഏറ്റവും ഉചിതമായിരിക്കുമെന്നതിനു സംശയമില്ല. അതേസമയംതന്നെ ദിവ്യകാരുണ്യനാഥന്റെ നേർക്കുള്ള നമ്മുടെ ഭക്തിയുടെ ബാഹ്യമായ ഒരു പ്രകടനവുമായിരിക്കും അതു്. തന്റെ ഐഹികജീവിതകാലത്തു ജറുസലം പട്ടണത്തിൽ ആഘോഷസമേതം പ്രവേശിക്കയും ഉത്സാഹഭരിതരായ ജനാവലിയിൽനിന്നു രാജോചിതമായ അഭിവാദനങ്ങൾ സ്വീകരിക്കയുംചെയ്ത ദിവ്യനാഥൻ ഏതാണ്ടപ്രകാരംതന്നെ, സുവർണ്ണനിർമ്മിതവും രത്നഖചിതവുമായ സ്വാസ്ഥ്യസിംഹാസനത്തിൽ ആരൂഢനായി, പട്ടണപ്രദക്ഷിണം നടത്തുന്നതു കാണുമ്പോൾ ഏതു ഭക്തക്രിസ്ത്യാനിയുടെ ഹൃദയമാണു് പുളകം കൊള്ളാത്തതു്; ആ കാഴ്ച കത്തോലിക്കരുടെ മാത്രമല്ല, അകത്തോലിക്കാ ക്രിസ്ത്യാനികളുടെയും അക്രൈസ്തവരുടേയും കണ്ണും കരളും കുളിർപ്പിക്കുന്നതായിരിക്കും. "വിപ്ലവം ജയിക്കട്ടെ" എന്ന മുദ്രാവാക്യം—സമാധാനമൂർത്തിയായ ക്രിസ്തുനാഥന്റെ പ്രബോധനങ്ങൾക്കും ആദർശങ്ങൾക്കും കടകവിരുദ്ധമായ ആ പൈശാചികപല്ലവി— ഈ പ്രദക്ഷിണം നടക്കാൻ പോകുന്ന തെരുവീഥിയിൽ പലവുരു മാറ്റൊലിക്കൊണ്ടിട്ടുള്ളതാണ്. അതിനുപകരം സ്നേഹത്തിന്റെയും സൗഹാർദ്ദത്തിന്റെയും സ്വർഗ്ഗീയസന്ദേശവും വഹിച്ചുകൊണ്ട് ജനമദ്ധ്യത്തിൽ പ്രത്യക്ഷപ്പെട്ട ലോകരക്ഷകന്റെ സ്തുതിഗീതങ്ങൾ അന്തരീക്ഷത്തിൽ അലിഞ്ഞുചേരുകയും അതിന്റെ അനന്തതയിൽ ലയിക്കയും ചെയ്യട്ടെ. ബാഹ്യമായ ആഡംബരങ്ങളെക്കാളും അലങ്കാരങ്ങളെക്കാളും പ്രാധാന്യമർഹിക്കുന്നതു് ആന്തരികമായ ഭക്തിപ്രകർഷവും വെണ്മയും മോടിയുമാണെന്ന സംഗതി സദാ നമ്മുടെ ഓർമ്മയിലിരിക്കയും ചെയ്യട്ടെ.

ഈ ആഘോഷങ്ങൾക്കെല്ലാം ഹേതുഭൂതനായ വന്ദ്യപിതാവു് സർവ്വഥാ വിജയിക്കട്ടെ. പൗരോഹിത്യത്തിന്റെ വജ്രജൂബിലിയും മെത്രാൻപട്ടത്തിന്റെ കനകജൂബിലിയുംകൂടി ആഘോഷിക്കുവാൻ അവിടുത്തേക്കും അവിടുത്തെ മക്കൾക്കും സർവ്വശക്തനായ ദൈവം ഇടവരുത്തുകയും ചെയ്യുമാറാകട്ടെ

## സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| തിരു-കൊച്ചിയിൽ | 6—0—0 |
| തിരു-കൊച്ചിക്കു പുറമെ | 6—8—0 |
| ഇൻഡ്യക്കുപുറമെ | 8—0—0 |

## പത്രമില്ല

ക്രിസ്തുമസ് പ്രമാണിച്ച് ഓഫീസൊഴിവാകയാൽ അടുത്ത ആഴ്ചയിൽ സത്യദീപം പുറപ്പെടുന്നതല്ല.

മെത്രാപ്പോലീത്താ തിരുമേനിയുടെ

## ജൂബിലിമഹാമഹം

1951 ഡിസംബർ 30

വൈകുന്നേരം 5-നു് ഉദ്യാനവിരുന്നു് (ഡർബാർ ഹാൾ ഗ്രൗണ്ട്സിൽ)

ഡിസംബർ 31

കാലത്തു്

6-30-നു് അരമനയിൽനിന്നു മെത്രാപ്പോലീത്തൻ പള്ളിയിലേക്കെതിരേൽപ്പ്.

7-നു് പൊന്തിഫിക്കൽ കുർബാന (ജൂബിലേറിയൻ)

8 30 നു് പ്രസംഗം (തൃശൂർ മെത്രാൻ.)

വൈകുന്നേരം

3-നു് പ. കുർബാനയുടെ പ്രദക്ഷിണം. (പാർക്കിലേക്കു്)

5-നു് പാർക്കിൽനിന്നു് മെത്രാപ്പോലീത്തൻ പള്ളിയിലേക്കു് ഘോഷയാത്ര.

6-നു് അനുമോദനയോഗം.

6 30 നു് ദീപക്കാഴ്ച.

## അവശക്രിസ്ത്യാനികളുടെ പ്രതിഷേധം

ഡിസംബർ 21-ാംനു മാന്നാനത്തു സമ്മേളിച്ച അവശക്രിസ്ത്യാനികളുടെ മഹായോഗം താഴെ ചേർക്കുന്ന പ്രമേയങ്ങൾ പാസാക്കിയിരിക്കുന്നു:

"ഒരു കത്തോലിക്കാ പത്രമായ അപ്പോസ്തലേറ്റ് അവശക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും കമ്മ്യൂണിസ്റ്റുകളാണെന്നു് പ്രഖ്യാപിച്ചതിൽ ഈ മഹായോഗത്തിനുള്ള കഠിനമായ പ്രതിഷേധം രേഖപ്പെടുത്തിക്കൊള്ളുന്നു

"1951 നവംബർ 14-ാം തിയതി അപ്പോസ്തലേറ്റ് പ്രസിദ്ധപ്പെടുത്തിയ മുഖപ്രസംഗത്തിലുള്ള അവശക്രിസ്ത്യാനികളിൽ ഭൂരിപക്ഷവും കമ്മ്യൂണിസ്റ്റുകളാണെന്ന ആരോപണം പിൻവലിക്കണമെന്നു് ഈ യോഗം അഭ്യർത്ഥിക്കുന്നു."

# കുടുംബദീപം

## കുടുംബങ്ങളുടെ മാസിക

ജാനുവരി മുതൽ കൂടുതൽ പേജുകളോടുകൂടി പ്രസിദ്ധപ്പെടുത്തുന്ന വരിസംഖ്യ വർദ്ധിപ്പിക്കുന്നില്ല. (ആണ്ടിൽ രണ്ടു രൂപാമാത്രം)

പ്രതിമാസം 32+4 പേജുകളിൽ പ്രസിദ്ധപ്പെടുത്തിവരുന്ന കുടുംബദീപം അടുത്തലക്കം മുതൽ 40+4 പേജുകളിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. മാതാപിതാക്കൾക്കും, യുവതീയുവാക്കന്മാർക്കും, ബാലികാബാലന്മാർക്കും അത്യന്തം ഉപകാരപ്രദങ്ങളായ ലേഖനങ്ങൾ, ചിരിക്കാപ്പുകൾ, സംഭവകഥകൾ, ഭാവനകൾ, ഗാനങ്ങൾ ആദിയായവയാൽ ഓരോ ലക്കവും ഏറ്റം ആകർഷണീയമായിരിക്കും.

മനംകവരുന്ന കവർചിത്രങ്ങൾ കുടുംബദീപത്തിന്റെ പ്രത്യേകതയാണ്.

നേരിട്ട് ആഫീസിലോ, സ്ഥലത്തുള്ള ഏജൻറിനോടോ ആവശ്യപ്പെടുക.

ഏജൻറന്മാരെ ഇനിയും ആവശ്യമുണ്ട്.

മാനേജർ, കുടുംബദീപം, തേവര



## ചെറുപുഷ്പമിഷൻലീഗ്,

### കൊരട്ടി—എരുമേലി

മാന്യവരിക്കാർ അറിവാൻ—

1) സത്യദീപം തപാലിൽനിന്ന് കിട്ടിയാൽ ഉടൻതന്നെ ഓരോ ഭാഗത്തും ഉള്ള വരിക്കാർ മുഖാന്തരം വിതരണം ചെയ്യുന്നതാണ്. സത്യദീപത്തിന്റെ വരിപ്പണം വളരെയധികം കുടിശ്ശിഖ വന്നതിനാലും വരിസംഖ്യ മുൻകൂർ തരാത്തതിനാലും പത്രം മുടക്ക് വരുത്തുന്നതിന് സാധിക്കാതെ വരുന്നു. അതിനാൽ ഈ പരസ്യം കണ്ടാൽ ഉടൻതന്നെ കുടിശ്ശിഖ തീർത്തു ഓരോ മാസത്തേതെങ്കിലും മുൻകൂർ തന്നും സഹായിക്കണമെന്ന് അപേക്ഷിക്കുന്നു.

2) വരിക്കാർ ആരെങ്കിലും നീങ്ങുന്നപക്ഷം വിവരം പത്രം തരുന്ന ഏജൻറിനെ നേരത്തെ അറിയിക്കുക. അല്ലെങ്കിൽ പുതിയ വരിക്കാരെ ചേർത്തുതരിക.

ഈ വിധത്തിൽ പണം മുൻകൂർതന്നും പത്രം മുടങ്ങാതെ വരുത്തിയും ഓരോ തരത്തിൽ സഹായിക്കുന്നതിനുവേണ്ടിയുള്ള ഞങ്ങളുടെ ഉദ്യമത്തെ പ്രോത്സാഹിപ്പിക്കണമെന്ന് ഓരോ വരിക്കാരോടും വിനയപുരസ്സരം അപേക്ഷിക്കുന്നു.

എന്ന് സെക്രട്ടറി



## "കേരള കത്തോലിക്കാ ഡയറക്ടറി"

അനേകനാളുകളായി പലരും പ്രതീക്ഷിച്ചിരുന്ന ഒരമൂല്യഗ്രന്ഥം

അതിവന്ദ്യ വൈദികമേലദ്ധ്യക്ഷന്മാരുടെയും, ബ. വൈദികരുടെയും, ആശീർവ്വാദത്തോടും അനുവാദത്തോടുംകൂടി പണ്ഡിതന്മാരായ പത്രാധിപസമിതിയുടെ നിസ്തുല്യസേവനഫലമായി ഇതാ ഞങ്ങൾ സമുദായാംഗങ്ങളുടെ മുമ്പിൽ സമർപ്പിക്കുന്നു. എല്ലാവരുടേയും ആത്മാർത്ഥമായ സഹായസഹകരണങ്ങൾ സാദരം പ്രതീക്ഷിക്കുന്നു.

ശമ്പളത്തിലോ, കമ്മീഷൻ വ്യവസ്ഥയിലോ ഇനിയും വിവിധസ്ഥലങ്ങളിൽ പ്രതിനിധികളെ ആവശ്യമുണ്ട്. വിശദവിവരങ്ങൾക്ക് സ്റ്റാമ്പ് സഹിതം അപേക്ഷിക്കുക.

മാനേജർ ഫാത്തിമാപബ്ലിക്കേഷൻസ്, ആലുവാ തോട്ടുംമുഖം P. O.


## നിതാന്തശാന്തി

"ബഹുപൻകേ ദിൻ ബ്ലാനദേനാ" ("ദീദാർ") എ. മ.

ഓ.... ജയ തിരു പാദം, നിതാന്തശാന്തി,
ആടലകററും ഉദാരശാന്തി — ഓ...ഓ... ജയ...
ജയതേ! അങ്ങിൽ സുഖമിയലാൻ കഴി-
യാതെ വഴിയേ അലയുന്നിവനും— അല.യ....
ലോകപാപപരിഹാരമേതിന്നായ്
കുരിശിലണഞ്ഞോരേശുമഹേശാ — ഏശു...
തവതിരുപാദം നിതാന്തശാന്തി
ആടലകററും ഉദാരശാന്തി— ഓ... ഓ.... ജയ...
വിനയകലാനും സുഖമിയലാനും
വരമരുളേണെ നരകുലപാലാ — വിന...
പരമപിതാവിൻ സൽസുതനേയെൻ
ഭാവുകമരുളേ തൃപ്പാദതാരിൽ — തൃപ്പാദ...
തവതിരുപാദം നിതാന്തശാന്തി
ആടലകററും ഉദാരശാന്തി
ഓ... ഓ... ജയതിരുപാദം നിതാന്തശാന്തി.

— സി. വി. ആൻറണി.

## തിരഞ്ഞെടുപ്പുഫലം

(തുടർച്ച)

അസംബ്ലിയിലേക്ക്

തിരുവല്ല— ശ്രീ പി. ചാക്കോ (കോൺഗ്രസ്). ഇരിങ്ങാലക്കുട— ശ്രീ കെ. വി. കെ. വാര്യർ (ഐക്യമുന്നണി) കൊടുങ്ങല്ലൂർ— ശ്രീ ഇ. ഗോപാലകൃഷ്ണമേനോൻ (ഐ. മു.) പറവൂർ— ശ്രീ വല്ലഭമേനോൻ (ഐ. മു.) ഓല്ലൂർ— ശ്രീ പരീളു റാവുത്തർ (കോൺ.) കോതകുളങ്ങര— ശ്രീ പഞ്ഞിക്കാരൻ കുഞ്ഞിത്തൊമ്മൻ (സ്വതന്ത്രൻ). പൂമംഗലം— ശ്രീ വി. കെ. ജോസഫ് (കോൺ.) ആലങ്ങാട്— ശ്രീ ഇ. പി. വറുഗീസ് (സ്വതന്ത്രൻ) പത്തനംതിട്ട— ശ്രീ വാസുദേവൻ പിള്ള (കോൺ.) പെരുമ്പാവൂർ— ശ്രീ ഗോവിന്ദപ്പിള്ള (ഐ. മു.) പത്തനാപുരം— ശ്രീ രാജഗോപാലൻ നായർ (ഐ. മു.) കൊട്ടാരക്കര— ശ്രീ കൃഷ്ണൻ നായർ (സോഷ്യലിസ്റ്റ്) കുന്നത്തുനാട്— ശ്രീ മത്തായി (സ്വതന്ത്രൻ) ആലുവാ— ശ്രീ അബ്ദുൾഖാദർ (ഐ. മു.) വടക്കാഞ്ചേരി— (ജനറൽ സീററ്) ശ്രീ ബാലകൃഷ്ണമേനോൻ (സോഷ്യലിസ്റ്റ്). (റിസർവ്ഡ്, ശ്രീ അയ്യപ്പൻ (കൊച്ചിൻ പാർട്ടി) റാന്നി — ശ്രീ ടി. എം. വറുഗീസ് (കോൺ.) ചെങ്ങന്നൂർ— ശ്രീ ... ട്ടനാഥകയ്യാളർ (സ്വതന്ത്രൻ) ആര്യനാട് — ശ്രീ ആർ. കേശവൻ നായർ (കോൺ.) പെരിനാട് — ശ്രീ ബേബി ജോൺ (ഐ. മുന്നണി).

പാർലമെൻറിലേക്ക്

തൃശ്ശൂർ— ശ്രീ സി. ആർ. ഇയ്യുണ്ണി (കോൺ.)

## ചോദ്യോത്തരപംക്തി

**ചോ.** വ്യഭിചാരം ചെയ്യുന്ന സ്ത്രീയെ കല്ലെറിഞ്ഞുകൊല്ലണമെന്നായിരുന്നല്ലോ മൂശയുടെ നിയമം അനുശാസിച്ചിരുന്നതു്. എന്തുകൊണ്ടാണ് അതേ ശിക്ഷ തന്നെ ആ പാപത്തിൽ സഹകരിക്കുന്ന പുരുഷനും നൽകാതിരുന്നതു?

**ഉ.** പാപിനിയായ ഒരു സ്ത്രീയെ ജനക്കൂട്ടം ഈശോയുടെ പക്കൽ കൊണ്ടുവന്ന് അവളെ കല്ലെറിഞ്ഞു കൊല്ലുവാൻ അനുമതി ആവശ്യപ്പെട്ട അവസരത്തിൽ; പാപത്തിൽ സഹകരിച്ച പുരുഷനെപ്പററി ഒന്നും പറഞ്ഞുകാണാഞ്ഞതിനാലായിരിക്കണം ഈ തെററിദ്ധാരണ പലരുടേയും മനസ്സിൽ കടന്നുകൂടിയിട്ടുള്ളതു്. പക്ഷേ മൂശയുടെ നിയമം വ്യഭിചാരക്കുററം ചെയ്യുന്ന സ്ത്രീക്കും പുരുഷനും ഒരേ ശിക്ഷതന്നെയാണ് വിധിച്ചിരുന്നതു്. ലേവായക്കാരുടെ പുസ്തകം 20-ാം അദ്ധ്യായം 10-ാം വാക്യത്തിൽ നാമിപ്രകാരം വായിക്കുന്നു: "ഒരു പുരുഷൻ മററൊരാളുടെ ഭാര്യയുമായി വ്യഭിചാരം ചെയ്യുകയും (അങ്ങനെ) തന്റെ അയൽക്കാരന്റെ ഭാര്യയെ അശുദ്ധമാക്കുകയും ചെയ്യുന്നപക്ഷം അവർ രണ്ടുപേരും, വ്യഭിചാരിയും വ്യഭിചാരിണിയും, വധിക്കപ്പെടട്ടെ."

## സെമ്മിനാരിക്കപ്പേളയുടെ ആശീർവ്വാദം

വരാപ്പുഴ അതിരൂപതവക സെൻറ് ജോസഫ്സ് പെററിസെമ്മിനാരിയുടെ പുതിയ കപ്പേള ജൂബിലേറിയനായ ഡോക്ടർ അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് ഡിസം. 20-ാം-നു ആശീർവ്വദിക്കയുണ്ടായി. തദനന്തരം തിരുമേനി അവിടെ പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. വൈകുന്നേരം സെമ്മിനാരിവിദ്യാർത്ഥികൾ വന്ദ്യ തിരുമേനിയുടെ ബഹുമാനാർത്ഥം Hermigild എന്ന പ്രഹസനം തന്മയത്വത്തോടുകൂടി അഭിനയിച്ചുകാഴ്ചവും പ്രസ്താവ്യമാണ്.

## വിനോദവീഥി



"ഹലോ! ഇതാണോ ഞങ്ങളുടെ കാണാതെപോയ കുട്ടി?"

* * *

ബസ്സിൽ യാത്രചെയ്തിരുന്ന വൃദ്ധൻ ഇതിനകം പത്തുപ്രാവശ്യം ചോദിച്ചുകഴിഞ്ഞു, "ബേങ്ക് ആയോ" എന്ന്. പിന്നിടൊരു വലിയ കെട്ടിടത്തിന്റെ മുമ്പിലെത്തിയപ്പോൾ കുടക്കാൽകൊണ്ടു് കണ്ടക്ടറുടെ വയററത്തു കുത്തിവിളിച്ചു ചോദിക്കയാണ്: "ഇതാണോ ബേങ്ക്?"

കണ്ടക്ടർ: "അല്ല അപ്പാപ്പാ! അതെന്റെ വയറാണ്. അവിടെയിരി."

* * *

സന്ദർശക: "ഞങ്ങളുടെ വിദ്യാമന്ദിരത്തിലേക്കു വല്ലതുമൊരു സംഭാവന തരണം."

ഗൃഹനായിക: "എന്റെ അമ്മായിയമ്മയെ കൊണ്ടുപൊയ്ക്കൊള്ളുക."

* * *

"What's your favourite d sh?"
"A clean one."



എറണാകുളം വികാരിയാത്തിന്റെ ആരംഭകാലത്തു മർ ളൂയിസ് മെത്രാനച്ചനും മററു ചില വൈദികരുംകൂടി എടുത്ത ഫോട്ടോ.

ഫാത്തിമാസംവാദസമിതി

# അധികാരചിഹ്നം

പ്രിയകുട്ടികളേ,

ദേവാലയത്തിലെ ബഹളമെല്ലാം ശമിച്ചു. വ്യാപാരികൾ പൂർവ്വപടിയായി കച്ചപ്പൂട്ടങ്ങളാക്കാതെ വ്യാപാരത്തിലേർപ്പെട്ടു. എന്നാൽ പ്രീശന്മാരായ സൻഹെദ്രിൻ സംഘാംഗങ്ങൾക്കും പുരോഹിതന്മാർക്കും ഒരനാസ്യമരങ്ങേറുകയുണ്ടായി. വാസ്തവം പറഞ്ഞാൽ വ്യാപാരികളെ അടിച്ചോടിച്ചതു് യഹൂദപ്രമാണികളെ അടിച്ചോടിക്കുന്നതിനു തുല്യമായിരുന്നു. അവരുടെ കൊള്ളത്താഴ്വര: പണക്കൊതിയാണു് വ്യാപാരികളെ അവിടേക്കാകർഷിക്കാൻ കാരണം. അതു് പരസ്യമായ ഒരു രഹസ്യം. ആ പ്രമാണികളുടെ ഹൃദയം വെന്തുനീറി. എന്നാലതു പുറത്തു കാണിക്കാൻ കൊള്ളുകയില്ല. തങ്ങളുടെ കുത്സിതവ്യാപാരത്തെപ്പററി അവർക്കു തന്നെ ബോധ്യമുണ്ടു്.

ഈശോയുടെ പ്രവൃത്തികളെ നേരിട്ടു ചോദ്യംചെയ്തുകൂടാ. അതു് സ്വന്തം കുററം വെളിപ്പെടുവാൻ കാരണമായേക്കും. ഒന്നും ചെയ്യാതിരിക്കാനും വയ്യാ. മൗനം കുററസമ്മതമായി ആളുകൾ വ്യാഖ്യാനിക്കും. അവർ നന്നാ വിഷമിച്ചു. ഒടുവിൽ ഒരു ഉപായം തോന്നി അവർക്കു്. ദേവാലയം പിതൃഭവനമാണെന്നല്ലേ ആ നസ്രായക്കാരന്റെ വാദം! അതു അശുദ്ധമാക്കിയതിനാണു് പ്രതിഷേധവും പ്രഹരവും. അങ്ങനെ പറഞ്ഞാൽ പോരാ. പ്രവർത്തിച്ചാൽ പോരാ: അതിനുള്ള അവകാശവും അധികാരവും സ്ഥാപിക്കണം. യോഹന്നാൻ നല്കിയ സാക്ഷ്യങ്ങൾ നേരിട്ടു് ഫരീസന്മാർമുഖേനയും അവർ ഗ്രഹിച്ചിട്ടുള്ളതാണു്. കാനായിലെ അത്ഭുതസംഭവം അവരുടെ ചെവികളിൽ എത്തപ്പെട്ടുകാണും. അതെല്ലാം തൽക്കാലത്തേക്കു് അവർ വിസ്മരിച്ചുകളഞ്ഞു. എന്നിട്ടു് ഈശോയോടു് ചോദിക്കയാണു്, "നീ ഇവയെല്ലാം ചെയ്യുന്നതിനു് എന്തു് അടയാളമാണു് ഞങ്ങൾക്കു തരിക?"

എത്ര നിർല്ലജ്ജമായ ചോദ്യം. ന്യായയുക്തമായ ചോദ്യം. ചോദിച്ചതാരാണു്?—അതിനു അവകാശമുള്ളവർ—ജനങ്ങളുടെ നേതാക്കന്മാർ! പാവങ്ങൾ! ഈശോയുടെ മുമ്പിൽ അവരുടെ ഹൃദയം തുറക്കപ്പെട്ട പുസ്തകം. അതവർ മനസ്സിലാക്കിയില്ല. ഉടനെ അത്ഭുതം പ്രവർത്തിച്ചിട്ടു ആവശ്യമില്ല. ശിക്ഷാസമയമാണു് അവരുടെ ഹൃദയം. എങ്കിലും മറുപടി കൊടുക്കണം, തെളിവു നല്കണം. അവരുടെ അഹങ്കാരത്തെ ഒന്നു കിക്കിളികൂട്ടണമെന്നു ഈശോ കരുതി. അതിനു പററിയ ഒരു സമാധാനം അവിടുന്നു കൊടുത്തു.

"നിങ്ങൾ ഈ ദേവാലയത്തെ നശിപ്പിക്കുക. ഞാൻ അതു മൂന്നു ദിവസംകൊണ്ടു് പണിചെയ്യും." അതൊരു വെല്ലുവിളിയായിരുന്നു. 46 കൊല്ലംകൊണ്ടു്, വളരെ പണം ചെലവുചെയ്തു്, ആയിരമായിരം വേലക്കാർ അദ്ധ്വാനിച്ചു് കെട്ടിപ്പൊക്കിയ മനോഹരമായ, വമ്പിച്ച കെട്ടിടം. മൂന്നു ദിവസംകൊണ്ടു് നസ്രസിലെ മരപ്പണിക്കാരൻ പണിയുമെന്നു! എന്തൊരു മൗഢ്യം. കൂടുതലായി ആ കമ്മാളനോടു് സംസാരിക്കുന്നതുതന്നെ തങ്ങളുടെ അന്തസ്സിനു പോരാ. ഒന്നുകിൽ ഭ്രാന്തൻ, അല്ലെങ്കിൽ ഡംഭുകാരൻ എന്നു മാത്രമേ ഈശോയെപ്പററി അവർ വിചാരിച്ചുള്ളൂ. ഒട്ടും താമസിച്ചില്ല, വേഗം അവർ സ്ഥലംവിട്ടു. അവിടുന്നു പറഞ്ഞതിന്റെ അർത്ഥം അവർ തിരക്കിയില്ല. അധികാരപത്രം പിന്നെ ആവശ്യപ്പെട്ടിട്ടില്ല.

ഈശോ സൂചിപ്പിച്ചതു തന്റെ ശരീരത്തെപ്പററിയാണു. പരസ്യജീവിതകാലത്തിലെ ആദ്യത്തെ പെസഹാതിരുനാളായിരുന്നു അതു്. നാലാമത്തെ തിരുനാളിൽ അവർ ആ ആലയത്തെ നശിപ്പിച്ചു. മൂന്നാംദിവസം അവിടുന്നു അതു പണികയുംചെയ്തു. അവിടുന്നു ഉയിർത്തെഴുന്നേററു—അപ്പോൾ ശിഷ്യന്മാർക്കു മനസ്സിലായി ഈശോ പറഞ്ഞതിന്റെ അർത്ഥം. യഹൂദപ്രമാണികൾക്കു് എന്നിട്ടും ബോദ്ധ്യംവന്നില്ല ഈശോയുടെ അധികാരത്തെപ്പററി. എന്തു ചെയ്യട്ടെ!

തിരുനാളാഘോഷങ്ങൾ അവസാനിക്കുന്നതുവരെ ഈശോ ജെറുസലേമിൽ താമസിക്കയുണ്ടായി. പല അത്ഭുതങ്ങളും അവിടുന്നു ചെയ്തു. പലരും അതുകാരണം ആകൃഷ്ടരായി അവിടുത്തെ ശിഷ്യത്വമാരംഭിക്കാൻ ആഗ്രഹം പ്രകടിപ്പിക്കാതിരുന്നില്ല. ചിലർ. ഈശോ അവരിൽ ആത്മാർത്ഥത കണ്ടില്ല. അതിനാൽ അവിടെനിന്നു് ആരേയും ശിഷ്യഗണത്തിൽ ചേർത്തില്ല. നിഷ്കപടരായ ആളുകളെ മാത്രമേ ഈശോയ്ക്കു് വേണ്ടൂ.

ദിവ്യനാഥന്റെ ഈ ദേവാലയസന്ദർശനവും മററു വളരെ പ്രാധാന്യമർഹിക്കുന്നതാണു്. കാരണം അവിടെവെച്ചാണു് തനിക്കുള്ള ദൈവികാധികാരം പരസ്യമായി പ്രകാശിപ്പിച്ചതു. പ്രസംഗിക്കാൻ തുടങ്ങിയതും അവിടെവെച്ചുതന്നെ. ദേവാലയശുദ്ധീകരണമാണു് തന്റെ കർത്തവ്യം. മരണംവരിച്ചുകൊണ്ടു് താനതു സാധിക്കും. അവിടുന്നു സ്പഷ്ടമായി പ്രഖ്യാപനംചെയ്തു. അങ്ങനെ ഭാവിപരിപാടി ദേവാലയത്തിൽവെച്ചു്, ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള യൂദന്മാരുടെ സാന്നിദ്ധ്യത്തിൽ വിളംബരം ചെയ്യപ്പെട്ടു.

ഈശോ തന്റെ ശരീരത്തെപ്പററി പറഞ്ഞതു് കേട്ടില്ലേ? അതു് ദൈവാലയമാണെന്നു്. നമ്മുടെ ശരീരവും ദൈവത്തിന്റെ ആലയമാണു്. പരിശുദ്ധാത്മാവിന്റെ ഇരിപ്പിടം. പരിശുദ്ധ കർബാന സ്വീകരിക്കുമ്പോൾ ഈശോ നമ്മെ സന്ദർശിക്കുന്നു. ഈശോയെ നാം സ്നേഹിക്കുമ്പോൾ ത്രിത്വത്തിലെ മൂന്നാളുകളും നമ്മളിൽ എഴുന്നള്ളിവരും. അതിനാൽ നമ്മുടെ ശരീരം എത്ര മാഹാത്മ്യമേറിയതാണു്, വിലപിടിച്ചതാണു്. മരണത്തോടുകൂടെ അതു പൂർണ്ണമായി നശിക്കുന്നില്ല. അവസാനവിധിദിവസത്തിൽ നാമെല്ലാം ഉയിർത്തെഴുന്നേല്ക്കും. അപ്പോൾ അതു വെൺമയുള്ളതായിരിക്കണമെങ്കിൽ ഇന്നു് അതിനെ മലിനമാക്കരുതു്—പാപത്താൽ. ശരീരംകൊണ്ടു്, അതിന്റെ അവയവങ്ങൾകൊണ്ടു്, പാപം ചെയ്യാൻ പിശാചു പ്രേരിപ്പിക്കും. അപ്പോൾ ഓർക്കണം, അതു ദൈവത്തിന്റെ ആലയമാണെന്നു്, പാവനമാണെന്നു. മലിനമാക്കിയാൽ നിത്യമായി ശിക്ഷിക്കപ്പെടുമെന്നു്. മലിനമാക്കാതിരുന്നാൽ ഈശോ അനുഗ്രഹിക്കുമെന്നു്.

സ്വന്തം കൊച്ചച്ചൻ.


'ലോയൽ സ്റ്റുഡിയോ

H. O. തൊടുപുഴ Br ആലുവാ

അതിവിശിഷ്ടമായ കളർഫോട്ടോ എൻലാർജ്മെൻറു് സിനിമാസ്ലൈഡ്, ഓയിൽ പെയിൻറിംഗ് ആദിയായവ മിതമായ ചാർജിനു കൃത്യസമയത്തു ചെയ്തുകൊടുപ്പാൻ തയ്യാർ


## ഡോ. തോമസ് തറയിൽ തിരുമേനിക്കു്

### മാർപ്പാപ്പയുടെ സന്ദേശം

കോട്ടയം മെത്രാൻ മാർ തോമ്മസ് തറയിൽ തിരുമേനിയുടെ ഗുരുപ്പട്ട രജതജൂബിലി സംബന്ധിച്ചു പരിശുദ്ധപിതാവിൽനിന്നു ഇൻറർനൺഷ്യോവഴി റോമിൽനിന്നു ലഭിച്ച കേബിൾസന്ദേശം താഴെ ചേർക്കുന്നു:

"വത്തിക്കാൻസിററി, ഡിസംബർ 17. പൗരോഹിത്യ രജതജൂബിലിസംബന്ധിച്ചു ആഘോഷസന്ദർഭത്തിൽ മോൺസിഞ്ഞോർ തോമസ് തറയിൽ തിരുമേനിക്കും, കോട്ടയം രൂപതയിലെ വൈദികർക്കും, സന്യാസസമൂഹങ്ങൾക്കും, പരിശുദ്ധപിതാവു് തിരുമനസ്സുകൊണ്ടു് സൗഹാർദ്ദപൂർവ്വമായ ഭാവുകങ്ങൾ ആശംസിക്കുകയും, പൈതൃകമായ ശ്ലൈഹികാശീർവ്വാദം നല്കുകയുംചെയ്യുന്നു.

മൊൺടിനി."

## മംഗളമഞ്ജരി

(കേക)

ഭുവനപ്രഖ്യാതമാം കേരളചരി
ത്രത്തിൽ
സുവർണ്ണാക്ഷരങ്ങളിൽ രേഖപ്പെ
ട്ടിരിക്കുന്നു:
"കണ്ടത്തിൽ മാറാഗസ്തീനാസു
മെത്രാപ്പോലീത്താ
ഇണ്ടലെന്നിയെ ഗുരുപട്ടത്തിൻ
പൊൻജൂബിലി
കൊണ്ടാടി പൂർണ്ണാനന്ദ
സൗഭാഗ്യ ഭേരിയായ്;
പണ്ടാർക്കും ലഭിക്കാത്ത മഹാ
കീർത്തി തദാത്യം."
രവീന്ദ്രതിരികളിലുള്ളതാം
വായിച്ചുകൊ-
ണ്ടാവിർമ്മോദം കേരളസഭയെ
കീർത്തിച്ചിടും.
ഈ മഹാകാഴ്ചയൊക്കെ ദർശിച്ച
നമുക്കുള്ള
സീമയററ മാതൃത്വത്തെ വാഴ്ത്തി
ട്ടമർപ്പോടവർ.
ആകയാലത്യാനന്ദസാഗരം
തന്നിൽ മുങ്ങി
സംകാല്യന നമ്മുടെ താതനെ
വണങ്ങീടാം.
അംബികൾ ... സഹ്യാ
ദ്രിയതു ചേർന്നു്
നീരവാന്നിട്ടു ...
... ക്കട്ടെ!
ആലുവാപ്പുഴയോടു് ഭാരത
പ്പുഴകൂടി-
ച്ചേർന്നു താളമേളസന്നാഹം
ധ്വനിക്കട്ടെ.
സന്യാസാശ്രമങ്ങളും കന്യകാ
മഠങ്ങളും
അന്യാദൃശങ്ങളാകും വീണകൾ
വായിക്കട്ടെ.
ദേവാലയശ്രേണികൾ വാദ്യ
മന്ദിരങ്ങളും
സേവനീയമായതൊക്കെയും
തമ്പാടിച്ചിടട്ടെ.
ഇടക്കുന്നിതെട്ടുള്ള സന്ധ്യന്ദി
ദീവലി
മുടക്കമില്ലാതിന്നു കൈമണി
കൊട്ടിടട്ടെ.
മലബാർമെയ്‌ലും ... സത്യ
ദീപവുമൊത്തു്
നലമേറും ഭാഷണ ഘോഷണം
നടത്തട്ടെ.
അഖിലചരാചരസൃഷ്ടിസമൂ
ഹങ്ങളേ!
നിഖിലേശൻതന്നെ സ്തുതി
ച്ചുപുകഴ്ത്തുവിൻ.
കരുണാനികേതമാം കർത്താവേ!
ജൂബിലേറിയൻ
തിരുമേനിയെ ഞങ്ങൾ സംതൃപ്ത
മിക്കണമേ.
കുറവറെറാരു ജയം ധരണി
തലത്തിലും
തിരുമന്ത്രിടം മുടി സ്വർഗ്ഗ
ത്തിലും നൽകണേ!!


(ഫാ. സൈമൺ സി. ഡി.)

## കാണ്ടിസെമ്മിനാരി റെക്ടർ


ഏതാനും വർഷങ്ങൾ കാണ്ടിപേപ്പൽ സെമ്മിനാരി റെക്ടറായിരുന്ന ശേഷം കർസിയോങ്ങിലെ ജസ്യൂട്ട് സ്കോളാസ്റ്റിക്കേററു് റെക്ടറായി സ്ഥലംമാറിപ്പോയിരുന്ന വെരി റവ. ഫാദർ ജോൺ അങ്കം എസ്. ജെ. ഇക്കഴിഞ്ഞ ഡിസംബർ 6-ാംനു വീണ്ടും കാണ്ടിസെമിനാരി റെക്ടറായി ചാർജ്ജെടുത്തിരിക്കുന്നു.




കേരളസുറിയാനി ഹയരാർക്കിയുടെ ജൂബിലി പരസ്യം ചെയ്ത അവസരത്തിൽ വത്തിക്കാനിലെ അപ്പസ്തോലിക്കായും സുറിയാനി മേലദ്ധ്യക്ഷന്മാരും മററു ചില വൈദികരും കൂടി എടുത്ത ഫോട്ടോ. രണ്ടാംനിരയിൽ കാൻഡി സെമ്മിനാരിയിലെ സുറിയാനി പ്രൊഫസറായിരുന്ന റവ. ഫാ. വേദസൻ എസ്. ജെ. അവർകളെയും കാണാവുന്നതാണു്.



പരിശുദ്ധ പിതാവു് 11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലേക്ക് റോമിൽവച്ചു മലയാളസുറിയാനിസഭവകയായി 1925 മേയ് 13-ാംനു കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനി മംഗളപത്രസഹിതം സമർപ്പിച്ച കാസ്സാറു്.



കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമനസ്സിലെ പൗരോഹിത്യ രജതജൂബിലിസ്മാരകമായി എറണാകുളം മെത്രാപ്പോലീത്തൻപള്ളിയുടെ മുമ്പിൽ സ്ഥാപിതമായിരിക്കുന്ന കപ്പേള.



മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിക്കു നൽകിയ പാലിയം തിരുവസ്ത്രം



11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സിലെ പൗരോഹിത്യ സുവർണ്ണജൂബിലി പ്രമാണിച്ചു് മലയാള സുറിയാനിക്കാർ മംഗളപത്രം സമർപ്പിച്ച കാസ്സാറു്.

(12-ാം പേജു് തുടർച്ച)

ക്കാരും ആതുരശുശ്രൂഷന്നു തിരിക്കപ്പെട്ടിരിക്കുന്നു.

അനാഥശാലകൾ

അനാഥരും അഗതികളും എല്ലാകാലത്തും കത്തോലിക്കാ സഭയുടെ അനുകമ്പാനിക്ഷേപങ്ങളായിരുന്നു. സമുദായപരിത്യക്തരെ വാത്സല്യപൂർവ്വം സ്വീകരിച്ചു സംരക്ഷിക്കുകയെന്നതു ആദിമകാലംമുതലേ സഭ സ്വീകരിച്ചുപോന്ന ഒരു പരോപകാരപ്രവൃത്തിയായിരുന്നു എറണാകുളം അതിരൂപതയും ഇക്കാര്യത്തിൽ ഒട്ടും പിന്നോക്കമായിരിക്കുന്നില്ല. മൂക്കന്നൂർ, കറുകുററി, എറണാകുളം, കുന്നംപുറം എന്നീ സ്ഥലങ്ങളിലായി 4 അനാഥശാലകൾ നടത്തിപ്പോരുന്നു. അങ്ങനെ 201 അനാഥക്കുട്ടികൾക്കു ജീവിക്കുവാനും വളരുവാനുമുള്ള സന്ദർഭം പ്രദാനം ചെയ്യപ്പെട്ടിരിക്കുന്നു. ചുന്നങ്ങംവേലി, പെരുമാനൂർ മുതലായ സ്ഥലങ്ങളിൽ അഗതികളുടെ സഹോദരികൾ സാധുവൃദ്ധമന്ദിരങ്ങൾ നടത്തിവരുന്നു. ചെങ്ങൽ സ്ഥാപിച്ചിട്ടുള്ള അഭയപ്രസങ്കേതത്തിലും പാദുവാപുരം (എടക്കുന്നു്) സങ്കേതത്തിലും അനവധിവനിതകൾ ആശ്ലേഷം നയിച്ചുവരുന്നു. ഇതിനുപുറമേ കോതമംഗലത്തു കർമ്മലീത്താ സഹോദരികൾ ഒരു അഗതിമന്ദിരവും പാദുവാപുരത്തു നസ്രത്തുസഹോദരികൾ ഒരു വിധവാമന്ദിരവും നടത്തിപ്പോരുന്നുണ്ടു്. കൂടാതെ തോട്ടകം ആസ്ഥാനമാക്കി ഒരു സാധുജനസംരക്ഷണസംഘവും നടത്തിപ്പോരുന്നു.

മററു സ്ഥാപനങ്ങൾ

അതിരൂപതയിലെ മററു സ്ഥാപനങ്ങളിൽ പ്രധാനമായതു "മലബാർ മെയിൽ" ദിനപ്പത്രവും "സത്യദീപം" വാരികയും ആകുന്നു. 1936-ൽ കൊണ്ടാടപ്പെട്ട മെത്രാപ്പോലീത്താ തിരുമനസ്സിലെ മെത്രാൻപട്ടരജതജൂബിലിസ്മാരകമായി സമാരംഭിച്ചതാണു് മലബാർമെയിൽ കഴിഞ്ഞ 25 കൊല്ലമായി പ്രസ്താവ്യ നിലയിൽ നടന്നുവരുന്ന "സത്യദീപം" കേരളകത്തോലിക്കരുടെ മതപ്രധാനമായ ഏക പ്രതിവാരപത്രികയാകുന്നു. കേരളത്തിൽ ഇത്രയധികം പ്രചാരമുള്ള മറെറാരു വാരിക ഉണ്ടെന്നു തോന്നുന്നില്ല. അതിരൂപതാസംബന്ധമായ കാര്യങ്ങളും മററും പ്രസിദ്ധംചെയ്യുന്ന ഒരു ഔദ്യോഗികപത്രികയായ എറണാകുളം മിസ്സും കഴിഞ്ഞ 30 കൊല്ലമായി അഭംഗം നടന്നുപോരുന്നു. 1923-ൽ ആരംഭിച്ച ഡയോസിസൻ സർക്കുലേററിംഗ് ലൈബ്രറിയും പ്രസ്താവ്യമായ മറെറാരു സ്ഥാപനമാകുന്നു. 2800-ൽപ്പരം നല്ല പുസ്തകങ്ങളും ഒട്ടേറെ ലഘുലേഖകളും മാസികകളും പത്രങ്ങളും ഇതിലുണ്ടു്.

—

# ജൂബിലി

## ആഘോഷങ്ങൾ

വരാപ്പുഴ മെത്രാപ്പോലീത്താ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സിലെ പൗരോഹിത്യ രജതജൂബിലി ഡിസം. 19-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. അന്നു കാലത്തു് തിരുമേനിയെ അരമനയിൽനിന്നും ഘോഷയാത്രയായി സെൻറ് ആൽബർട്ട്സ് ഹൈസ്കൂളങ്കണത്തിലേക്കാനയിക്കുകയും അവിടെ പ്രത്യേകം സജ്ജമാക്കിയിരുന്ന മനോഹരമായ ബലിപീഠത്തിൽ തിരുമേനി പൊന്തിഫിക്കൽ കുർബാന യർപ്പിക്കുകയും ചെയ്തു. അതിനുശേഷം ഡോക്ടർ ബനവന്തൂറ അരാനാ തിരുമനസ്സുകൊണ്ടു് ജൂബിലേറിയനെ അനുമോദിച്ചു് ഒരു പ്രസംഗംചെയ്തു. തെദേവും, ദിവ്യകാരുണ്യാശീർവ്വാദം, മാർപ്പാപ്പായുടെ ആശീർവ്വാദം എന്നിവയ്ക്കുശേഷം തിരുമേനിയെ ഘോഷയാത്രയായി അരമനയിലേക്കു് തിരികെ ആനയിച്ചു. അനന്തരം ജൂബിലേറിയൻ തിരുമേനി അതിഥികളായ മററു തിരുമേനിമാരുമൊന്നിച്ചു് സെൻറ് ഫ്രാൻസിസ് ദേവാലയപ്പള്ളിയങ്കണത്തിലേക്കെഴുന്നള്ളുകയും അവിടെവച്ചു് അനേകം സാധുക്കൾക്കു് മൃഷ്ടാന്നഭോജനം നല്കുകയുമുണ്ടായി. ഉച്ചയ്ക്കു നടന്ന ഡിന്നർസല്ലാരത്തിൽ എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും, കോട്ടയം, വിജയപുരം, കൊല്ലം, തിരുവനന്തപുരം, തൃശ്ശൂർ, ചങ്ങനാശ്ശേരി, പാലാ മെത്രാൻ തിരുമേനിമാരും ഡോ. ബനവന്തൂറ അരാനാ തിരുമേനിയും കൊച്ചി രൂപത അഡ്മിനിസ്ട്രേറററ് അവർകളും മററു പലരും സംബന്ധിച്ചിരുന്നു. വൈകുന്നേരം 5 മണിക്കു് സെൻറ് ആൽബർട്ട്സ് അങ്കണത്തിൽ ചേർന്ന അനുമോദനയോഗത്തിൽ കൊച്ചി മഹാരാജാവു തിരുമേനിയും എറണാകുളം മെത്രാപ്പോലീത്താ തിരുമേനിയും മററനേകം പ്രശസ്താതിഥികളും സംബന്ധിച്ചിരുന്നു. യോഗത്തിൽ മാർപ്പാപ്പായും ഏതാനും കർദ്ദിനാളന്മാരും പല മെത്രാന്മാരും അയച്ചിരുന്ന മംഗളാശംസാസന്ദേശങ്ങൾ വായിക്കുകയുണ്ടായി. അതിരൂപതവകയായി തിരുമേനിക്കു ഒരു മംഗളപത്രവും ഒരു ജ്ഞാനപുഷ്പമഞ്ജരിയും സമർപ്പിക്കപ്പെട്ടു. തിരുമേനി അവയ്ക്കെല്ലാം സമുചിതമായ മറുപടിപറഞ്ഞു. യോഗാനന്തരം ഗാർഡൻ പാർട്ടിയും വിവിധ കലാപ്രകടനങ്ങളുമുണ്ടായിരുന്നു.

# വിമർശനവീഥി

## ചൈനാഗവമ്മെൻറു് കമ്മ്യൂണിസ്റ്റ് അല്ലെന്നോ?

സർദാർ പണിക്കർ ചൈനയെപ്പററി ചെയ്ത വേറൊരു പ്രധാനപ്രസ്താവം ഇപ്പോഴത്തെ ചൈനീസ് ഗവമ്മെൻറു് കമ്മ്യൂണിസ്റ്റ് അല്ലെന്നാണു്. "തങ്ങൾ ഒരു കമ്മ്യൂണിസ്റ്റ് ഗവമ്മെൻറാണെന്നു് ഒരിക്കലും അവർ അവകാശപ്പെട്ടിട്ടില്ല. വാസ്തവത്തിൽ തങ്ങളെ ഒരു കമ്മ്യൂണിസ്റ്റു ഗവമ്മെൻറെന്നു വിളിക്കുന്നതു് അവർക്കു വിരോധമാണു്."

എന്നാൽ ഇപ്പോഴത്തെ ചൈനീസ് ഗവമ്മെണ്ടിൻെറ നടപടികൾ അദ്ദേഹം വിവരിച്ചിട്ടുള്ളതു്, അതൊരു കമ്മ്യൂണിസ്റ്റു ഗവമ്മെണ്ടാണെന്നു തെളിയിക്കുന്നുണ്ടു്. "പീപ്പിൾസ് റിപ്പബ്ലിക്കിൻെറ സെൻട്രൽ പീപ്പിൾസ് ഗവമ്മെൻറു്" എന്നു് ചൈനീസ് ഗവമ്മെൻറു് തങ്ങളെ വിളിക്കുന്നു. ഇവിടെ പീപ്പിൾ (ജനം) എന്നു പറയുന്നതാരാണു്? ചൈനീസ് ഗവമ്മെണ്ടിൻെറ നിർവ്വചനപ്രകാരം കർഷകരും വ്യവസായതൊഴിലാളികളും മാത്രമാണു് അവർ. ജന്മിമാരെ മാത്രമല്ല, ഇടത്തരക്കാരേയും ജനശബ്ദത്തിൻെറ വിവക്ഷയിൽനിന്നു് അവർ ഒഴിച്ചുനിർത്തിയിരിക്കുന്നു. രാജ്യം കർഷകരുടേയും തൊഴിലാളികളുടേയും മാത്രം വകയാണെന്നു് ചൈനീസ് ഗവമ്മെണ്ടു് നിഷ്കർഷിക്കുന്നുണ്ടെന്നും മി. പണിക്കർ പറയുന്നുണ്ടു്. വില്ലേജ് കൗൺസിലുകളിൽ 80 ശതമാനം സീററുകൾ ഭൂമിയില്ലാകർഷകർക്കും, ബാക്കി ഇടത്തരക്കാർക്കും മററുമായി കൊടുത്തിരിക്കുകയാണത്രേ. ജന്മിമാർക്കു ജീവിക്കാനുള്ള വകയുണ്ടെങ്കിലും അവരുടെ ഭൂമി കണ്ടുകെട്ടിയെടുത്തിരിക്കുകയാണു്. ഭൂമി ഒരു കുടുംബത്തിലെ ഓരോ അംഗത്തിനും $\frac{3}{5}$ ഏക്കർ എന്ന അടിസ്ഥാനത്തിൽ ഓരോ കർഷകനും സമമായി വിതരണംചെയ്തിരിക്കുന്നു. ഈ അടിസ്ഥാനത്തിൽ ജന്മിക്കും ഭൂമി കൊടുത്തശേഷം അയാളുടെ ബാക്കി ഭൂമി കണ്ടുകെട്ടിയെടുത്തിരിക്കുന്നു. ഇതിനുള്ള നഷ്ടപരിഹാരത്തിൻെറ കാര്യം മിസ്റ്റർ പണിക്കർ ഒന്നും പറയുന്നില്ല. ജന്മിയുടെ വീടും കൃഷിയായുധങ്ങളും കന്നുകാലികളും ഇപ്രകാരംതന്നെ കണ്ടുകെട്ടിയിട്ടുണ്ടു്. വ്യവസായങ്ങളാണെങ്കിൽ അവയുടെ വലിയ ഭാഗവും രാഷ്ട്രത്തിൻെറ വകയാണെന്നും ഫാക്ടറികളിൽ ഭൂരിപക്ഷവും ഗവമ്മെൻറിൻെറ ഉടമയിലാണെന്നും മിസ്റ്റർ പണിക്കർ പറയുന്നു. ഗവമ്മെൻറിൻെറ രൂപത്തെപ്പററി പറയുന്നതു്, അതു് "ഡെമോക്രാററിക് സെൻട്രലിസം" ആണെന്നാണു്. ഇതിൻെറ അർത്ഥം, അധികാരത്തിൽ ഇരിക്കുന്നവരെ ജനങ്ങൾ ഒരിക്കൽ തെരഞ്ഞെടുത്തുകഴിഞ്ഞാൽ പിന്നെ രാജ്യത്തിൻെറ ഭരണത്തെപ്പററി ജനങ്ങൾക്കൊന്നും പറയാനില്ലെന്നത്രെ. ചൈനീസ് ഗവമ്മെണ്ടിലെ പരമാധികാരം ഇപ്പോൾ ഇരിക്കുന്നതു് പല പാർട്ടികളുടെ ഒരു സംയുക്തസംഘടനയിലാണു്. എന്നാൽ അതിൻെറ നേതൃത്വം വഹിക്കുന്നതു് കമ്മ്യൂണിസ്ററു പാർട്ടിയാണുതാനും.

ഇതൊക്കെയാണു് ചൈനീസ് ഗവമ്മെണ്ടിൻെറ സ്വഭാവവും പരിപാടിയുമെങ്കിൽ, അതു കമ്മ്യൂണിസ്റ്റു ഗവമ്മെണ്ടു് അല്ലെന്നു പറയുന്നതിൽ വല്ല വാസ്തവവുമുണ്ടോ? ആ ഗവമ്മെണ്ടിനെ കമ്മ്യൂണിസ്റ്റെന്നു വിളിക്കാൻ അവരും, അവർക്കുവേണ്ടി മി. പണിക്കരും, വിസമ്മതിക്കുന്നതെന്തിനു്? കമ്മ്യൂണിസ്റ്റുപാർട്ടിയും മററു പാർട്ടികളും കൂടി ഒരു പൊതുപരിപാടി സ്വീകരിച്ചിട്ടുണ്ടെന്നും, ചില ഉപാധികൾ കൈവരുന്നതുവരെ കമ്മ്യൂണിസ്റ്റു സിദ്ധാന്തങ്ങൾ മുഴുവനും പ്രാവർത്തികമാക്കേണ്ടെന്നാണു് നിശ്ചയിച്ചിരിക്കുന്നതെന്നും മിസ്റ്റർ പണിക്കർ പ്രസ്താവിക്കുന്നു. ഇതിനു് ഒരർത്ഥമേയുള്ളു. കമ്മ്യൂണിസ്റ്റുപരിപാടി മുഴുവനും റഷ്യയിലെപ്പോലെ പ്രാവർത്തികമാക്കാനുള്ള ഉപാധികൾ ചൈനയിൽ ഇല്ലാത്തതുകൊണ്ടു് അവ പ്രാവർത്തികമാക്കുന്നില്ല. ചൈനീസ് ഗവമ്മെണ്ടു് ലക്ഷ്യത്തിൽ കമ്മ്യൂണിസ്റ്റാണെന്നും, ഇപ്പോഴത്തെ സാഹചര്യങ്ങളിൽ സാധിക്കാവുന്നിടത്തോളം ആ ലക്ഷ്യം പ്രയോഗത്തിൽ വരുത്തുന്നുണ്ടെന്നും, സാഹചര്യങ്ങൾ മുഴുവനും അനുകൂലമായിത്തീരുമ്പോൾ ലക്ഷ്യം മുഴുവനും പ്രാവർത്തികമാക്കുമെന്നും മിസ്റ്റർ പണിക്കരുടെ വാക്കുകളിൽനിന്നു് തെളിയുന്നില്ലയോ?

### റഷ്യയിലെ നയം തന്നെ ചൈനയിലും

കമ്മ്യൂണിസ്റ്റുപാർട്ടി എവിടെയും എന്നും അവസരംനോക്കിയും സോപാധികമായുമാണു് പ്രവർത്തിച്ചുപോരുന്നതെന്നു് അവരുടെ ചരിത്രത്തിൽനിന്നറിയാം. 1917 മാർച്ചിൽ റഷ്യയിൽ നടന്ന ആദ്യത്തെ വിപ്ലവം സോഷ്യലിസ്റ്റ് റെവല്യൂഷണറി പാർട്ടിയുടേതായിരുന്നു. അതിൻെറ ഫലമായി സാർ ചക്രവർത്തി സ്ഥാനത്യാഗംചെയ്യുകയും, കെരൻസ്കിയുടെ നേതൃത്വത്തിലും ജനകീയഭരണത്തിൻെറ അടിസ്ഥാനത്തിലും ഒരു പ്രൊവിഷണൽ (താല്ക്കാലിക) ഗവമ്മെണ്ടു് ഏർപ്പെടുത്തുകയും ചെയ്തു. ഒരു കോൺസ്റ്റിററ്യുവൻറ് അസംബ്ലി കൂടാനും അതുവഴിയായി പുതിയ ഭരണഘടന നിർമ്മിക്കാനും, നടപടികൾ നടത്തി. ആ ഘട്ടത്തിലാണു് ലെനിൻെറ കീഴിൽ അക്കൊല്ലം ഒക്ടോബറിൽ ബോൾഷെവിക്കുകൾ വിപ്ലവം നടത്തിയതു്. ജനകീയഗവമ്മെണ്ടിനെ തുരത്താനും തൽസ്ഥാനത്തു് കമ്മ്യൂണിസ്റ്റു ഗവമ്മെണ്ടു് ഏർപ്പെടുത്താനും വേണ്ടിയായിരുന്നു അതു്. കെരൻസ്കിയുടെ പ്രൊവിഷണൽ ഗവമ്മെണ്ടിനേയും കോൺസ്റ്റിററ്യുവൻറ് അസംബ്ലിയേയും ബോൾഷെവിക്കുകൾ ബലപ്രയോഗത്താൽ പിരിച്ചുവിട്ടു. എന്നാൽ സോഷ്യലിസ്റ്റു റെവല്യൂഷണറി പാർട്ടി സ്വീകരിച്ചിരുന്നതും കോൺസ്റ്റിററ്യുവൻറ് അസംബ്ലി നടപ്പിൽവരുത്താൻ ഉദ്ദേശിച്ചിരുന്നതുമായ ഭൂപരിഷ്കരണനയം കമ്മ്യൂണിസ്റ്റു ഗവർമ്മെണ്ടു് കൈവെടിഞ്ഞില്ല. "മൗലികമായ ഭൂപരിഷ്കരണ നിയമം" മുഖേന സകല ഭൂമിയും കർഷകജനങ്ങൾക്കു് കൊടുക്കണമെന്നായിരുന്നു ആ നയം. കർഷകജനങ്ങളുടെ പിൻതുണ കമ്മ്യൂണിസ്റ്റുപാർട്ടിക്കും അവരുടെ ഗവമ്മെണ്ടിനും ലഭിക്കുവാൻവേണ്ടി ഈ നയം ലെനിൻ സ്വീകരിച്ചു. ട്രോഡ്സ്കിയുടെ വാക്കുകളിൽ പറഞ്ഞാൽ "സോഷ്യലിസ്റ്റ് റെവല്യൂഷണറി പാർട്ടിയുടെ ഭൂപരിഷ്കരണപദ്ധതി ബോൾഷെവിക്കുകൾ സ്വന്തമാക്കുകയും, അങ്ങനെ കർഷകജനസാമാന്യം ബോൾഷെവിക്കു് പതാകകളുടെ കീഴിൽ തടിച്ചുകൂടുകയും ചെയ്തു." ജന്മികളുടേയും മുതലാളികളുടേയും വസ്തുവകകൾ നഷ്ടപരിഹാരം നൽകാതെ പിടിച്ചെടുക്കാനുള്ള ഒരു സൂത്രമായിരുന്നു അതു്. ഭൂമി മുഴുവനും അതിൽ പ്രയത്നംചെയ്യുന്ന കർഷകജനങ്ങൾക്കായി പുനർവിഭജനം ചെയ്തപ്പോൾ അവ തുണ്ടുതുണ്ടായി വേർതിരിക്കപ്പെട്ടു. ഓരോ കർഷകനും കഷ്ടിച്ചു് പട്ടിണികൂടാതെ കഴിക്കുവാൻപോരുന്ന ആദായം മാത്രമേ തനിക്കു കിട്ടിയ തുണ്ടുഭൂമിയിൽനിന്നു് പുറപ്പെടുത്തുവാൻ സാധിച്ചുള്ളു. ജന്മിമാരുടേയും വൻകിടകൃഷിക്കാരായ കുലാക്കുകളുടേയും കൈവശം ഭൂമികൾ ഇരുന്നപ്പോൾ അവയിൽനിന്നുണ്ടായ വിളവു് നാട്ടിൻപുറങ്ങളുടേതിനും പുറമേ പട്ടണങ്ങളുടെ ആവശ്യങ്ങൾക്കും മതിയാകുന്നവയായിരുന്നു. വിദേശങ്ങളിലേക്കു കയററുമതിവ്യാപാരം നടത്താനും അവ പ്രയോജനപ്പെട്ടു. ഭൂമിയുടെ പുതിയ ഉടമസ്ഥന്മാരായ കർഷകജനങ്ങളാകട്ടെ കൈവശമുള്ള ഭൂമിയുടെ പരിമിതത്വം നിമിത്തവും അവയിൽ തന്നെയും വേണ്ടവിധം കൃഷിചെയ്യാൻ പണമില്ലായ്കയാലും സ്വന്തം ആവശ്യങ്ങൾ കഷ്ടിച്ചു നിറവേററാൻ മതിയാകുന്ന കൃഷിചെയ്യാനേ സന്നദ്ധരായുള്ളു. കൂടുതൽ കൃഷിചെയ്തു് കൂടുതൽ വിളവെടുത്തു് മിച്ചമുണ്ടാക്കിയാലും ആ ധാന്യങ്ങൾ കൊടുത്തു് പകരം ആവശ്യമുള്ള മററു സാധനങ്ങൾ വ്യവസായവകുപ്പിൽനിന്നു് കിട്ടാനില്ലെന്നും കർഷകർക്കറിയാമായിരുന്നു. സോവ്യററ് ഫാക്ടറികളിൽ നിർമ്മിച്ച സാധനങ്ങൾ സൈന്യത്തിൻേറയും ഉദ്യോഗസ്ഥവൃന്ദത്തിൻേറയും പട്ടണങ്ങളിലെ തൊഴിലാളികളുടേയും ആവശ്യത്തിനുതന്നെ മതിയായിരുന്നില്ല. പിന്നെ എങ്ങനെയാണു് മഹാഭൂരിഭാഗം വരുന്ന നാട്ടിൻപുറങ്ങളിലെ കർഷകരുടെ ആവശ്യങ്ങൾക്കു് അവ ഉപയോഗപ്പെടുക? ഇതൊരു വലിയ ദുർഘടപ്രശ്നമായി സോവ്യററ് ഭരണാധികാരികൾക്കു് അനുഭവപ്പെട്ടു. ക്രമപ്രവൃദ്ധമായി വളർന്നുവന്ന പട്ടണങ്ങളുടെ ആവശ്യത്തിനുള്ള ഭക്ഷ്യവിഭവങ്ങൾ ഉണ്ടായില്ലെങ്കിൽ കമ്മ്യൂണിസ്റ്റ് ഭരണത്തിൻെറ അസ്തിത്വംപോലും അപകടത്തിലാകുമെന്ന നിലവന്നു.

ഇതിനു് ഏകപ്രതിവിധി മാർക്സ്യൻ സിദ്ധാന്തമനുസരിച്ചുള്ള കൂട്ടുകൃഷി സമ്പ്രദായമാണെന്നു് അധികാരികൾ നിശ്ചയിച്ചു. തന്മൂലം ചെറിയ ചെറിയ കർഷകരുടെ കൈവശമിരുന്ന ഭൂമിയെല്ലാം പിടിച്ചെടുത്തു് വലിയ ശേഖരങ്ങളാക്കുകയും അവ രാഷ്ട്രത്തിൻെറ ആഭിമുഖ്യത്തിലും നിയന്ത്രണത്തിലും ഉടമയിലും വരുത്തുകയും ചെയ്യാൻ തുടങ്ങി. 1920-ൽ കർഷകരുടെ കൈവശം ആകെ ഭൂമിയുടെ ഏകദേശം 94 ശതമാനം ഉണ്ടായിരുന്നു. ഇവയെല്ലാം ചുരുങ്ങിയ സമയത്തിനുള്ളിൽ ഏററവും നിർദ്ദയമായവിധത്തിൽ കൂട്ടുകൃഷിഭൂമികളായി രൂപാന്തരപ്പെടുത്തി.

വഞ്ചനയും ബലപ്രയോഗവുമാണു് ഇതിനുപയോഗിച്ച മാർഗ്ഗങ്ങൾ. കുലാക്കുകൾ എന്ന വൻകിട കൃഷിക്കാർക്കെതിരായി ഭയങ്കരമായ സമരം നടത്തി അവരുടെ കൈവശമിരുന്ന സമസ്തവും പിടിച്ചെടുത്തു്, അവരേയും കുടുംബങ്ങളേയും അശേഷം അധിവാസയോഗ്യമല്ലാത്ത റഷ്യയിലേയും സൈബീരിയായിലേയും പ്രദേശങ്ങളിലെ വനങ്ങളിലും ഖനികളിലും വേലചെയ്യാൻ കൊണ്ടുവിട്ടു. അനന്തരം ചെറുതരം കൃഷിക്കാരോടും അതേനയം പ്രയോഗിച്ചു. വലിയ ഭൂരിപക്ഷംവരുന്ന ഇക്കൂട്ടരുടെ പ്രത്യാഘാതവും ഭയങ്കരമായിരുന്നു. കൈവശമുള്ള സകല കന്നുകാലികളേയും അവർ കൊന്നൊടുക്കി. ഉല്പാദനത്തിൻെറ വേഗതയും കാര്യക്ഷമതയും കുറച്ചു. ഇതിൻെറയൊക്കെ ഫലം രാജ്യത്തിനത്യന്തം ആപൽക്കരമായി. പട്ടാളക്കാരുടേയും വ്യവസായതൊഴിലാളികളുടേയും പട്ടണത്തിലെ ഉദ്യോഗസ്ഥന്മാരുടേയും ആവശ്യത്തിനുവേണ്ടി ഗ്രാമങ്ങളിലുണ്ടായിരുന്ന സകല ധാന്യങ്ങളും സോവ്യററ് പട്ടാളം കവർന്നെടുത്തു. നാട്ടിൻപുറങ്ങളിലെ മുഴുവൻ, പ്രത്യേകിച്ചും റഷ്യയിലേയും യുക്രെയിനിലേയും വടക്കേകാക്കസസ്സിലേയും വോൾഗാപ്രദേശങ്ങളിലേയും ജനങ്ങളെ ഭയങ്കരമായ പട്ടിണി ബാധിച്ചു. 1932-ൽ പട്ടിണിയാൽ മരിച്ചവർ കോടിക്കണക്കിനായിരുന്നു. അമേരിക്കയിൽനിന്നു ഔദാര്യപൂർവ്വം ഭീമമായ തോതിൽ ആ പട്ടിണിപ്രദേശങ്ങളിലേക്കു ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി അയച്ചുകൊടുത്തില്ലായിരുന്നുവെങ്കിൽ കൂടുതൽ ലക്ഷോപലക്ഷങ്ങൾ മൃതിയടയുമായിരുന്നു.

കൂട്ടുകൃഷിസമ്പ്രദായത്തിൽ ചേർന്നു് കൃഷിചെയ്യുന്ന കർഷകനു് കിട്ടുന്ന ഭാഗം എത്രയോ തുച്ഛം! വിളവെടുത്തുകഴിയുമ്പോൾ അതിൽനിന്നു് ആദ്യമായി പരജന്മിയായ സർക്കാരിൻെറ ഭാഗം നീക്കിവയ്ക്കുന്നു. അനന്തരം സ്വമേധയാ നൽകേണ്ട ഓഹരികൾ എന്ന നാട്യത്തിൽ വേറൊരു ഭാഗം പിടിച്ചെടുക്കുന്നു. സാധാരണനികുതി, സാംസ്കാരികകാര്യങ്ങൾക്കായുള്ള നികുതി, സോഷ്യൽ സെക്യൂരിട്ടിഫണ്ടു്, മററു പലതരം ദുരിതനിവാരണഫണ്ടുകൾ, ഈ പേരുകൾ പറഞ്ഞാണു ഇവ പിടിച്ചെടുക്കുന്നതു്. ഇവ രണ്ടും കഴിഞ്ഞു ശേഷിക്കുന്ന ഭാഗം കർഷകനു് അവൻ വേലചെയ്ത ദിവസങ്ങളുടെ കണക്കനുസരിച്ചു് വീതിച്ചുകൊടുക്കുന്നു. ഇങ്ങനെ കിട്ടുന്ന ധാന്യം കഷ്ടിച്ചു് പട്ടിണികൂടാതെ കഴിക്കാൻ മാത്രമേ പോരുന്നുള്ളു. കർഷകനുവേണ്ട മററു ഉപഭോഗസാധനങ്ങൾക്കു് വളരെ വലിയ വില അവൻ കൊടുക്കേണ്ടിയുംവരുന്നു. അതും അവൻെറ ധാന്യത്തിനു കിട്ടുന്ന വിലയും തമ്മിൽ യാതൊരു താരതമ്യവും ഇല്ലതന്നെ. തന്മൂലം റഷ്യയിലെ കർഷകൻെറ സ്ഥിതി ഏററവും ദയനീയമായിത്തീർന്നിരിക്കുന്നു.

സോവ്യററ് റഷ്യയിൽ ജന്മികളുടേയും വൻകിട കൃഷിക്കാരുടേയും ഭൂമികൾ സർക്കാർ പിടിച്ചെടുത്തു് സാധാരണ കർഷകർക്കു് തുണ്ടുതുണ്ടായി വിഭാഗിച്ചുകൊടുത്തപോലെയാണു് ഇപ്പോൾ ചൈനയിൽ അവിടത്തെ ഗവമ്മെൻറ് ചെയ്തുവരുന്നതു്. റഷ്യയിൽ ഒരു ഭൂപരിഷ്കരണം കമ്മ്യൂണിസ്റ്റ് ഗവമ്മെൻറിനു് കർഷകജനസാമാന്യത്തിൻെറ പിൻതുണകിട്ടാനുള്ള തന്ത്രമായിരുന്നതുപോലെ ചൈനീസ് ഗവമ്മെൻറിൻെറ ഭൂപരിഷ്കരണം ചൈനയിലെ ജനസാമാന്യത്തിൻെറ പിൻതുണലഭിക്കാനുള്ള തന്ത്രം മാത്രമാണു്. റഷ്യയിൽ ആ തന്ത്രത്തിൻെറ അവസാനഫലം കർഷകരുടെ ഭൂമിമുഴുവനും കൂട്ടുകൃഷിഭൂമിയാക്കുകയായിരിക്കുമെന്നും, അതുവഴിയായി തങ്ങൾ പട്ടിണിയാൽ മരിക്കേണ്ടിവരുമെന്നും ആ കർഷകജനം സ്വപ്നേപി വിചാരിച്ചിരുന്നോ? എങ്കിലും റഷ്യൻ അധികാരികൾ അവസരം വന്നപ്പോൾ പ്രയോഗിച്ച മാർക്സിസ്റ്റ് സിദ്ധാന്തത്തിൻെറ ഫലം അതായിരുന്നല്ലോ. ചൈനയിലെ ഇപ്പോഴത്തെ ഭൂപരിഷ്കരണത്തിൻേറയും ഭൂവിതരണത്തിൻേറയും അവസാനലക്ഷ്യം റഷ്യയിലേതുതന്നെയാണു്; അതിൻെറ ഫലവും റഷ്യയിലേതുതന്നെ ആയിത്തീരുമെന്നും സംശയമില്ല. ചൈനയിൽ കൂട്ടുകൃഷിസമ്പ്രദായം കുറേശ്ശെ തുടങ്ങിയിട്ടുമുണ്ടു്. അതിൻെറ ഭയങ്കരഫലം കർഷകർ അനുഭവിക്കാൻ തുടങ്ങുകയും ചെയ്തിരിക്കുന്നു.

ആകയാൽ ചൈനയിലെ ഭൂപരിഷ്കരണപദ്ധതി കമ്മ്യൂണിസ്റ്റ് പരിപാടിയല്ലെന്നു വരുന്നില്ല. സർദാർ പറയുംപോലെ, കമ്മ്യൂണിസ്റ്റ് പരിപാടി അതിൻെറ തനിനിറത്തിൽ മുഴുവനായി പ്രയോഗിക്കാൻ ഇപ്പോഴത്തെ സാഹചര്യം അനുവദിക്കാത്തതിനാൽ ഒളിക്കിവച്ചിരിക്കുകയാണെന്നുമാത്രം. യഥാകാലം റഷ്യയിലെപ്പോലെ അതു മുഴുവൻ തീർച്ചയായും പ്രയോഗിക്കും. അപ്പോഴേ ചൈനയിലെ കർഷകജനത്തോടു് പ്രയോഗിക്കുന്ന ഇപ്പോഴത്തെ തന്ത്രം എത്ര വലിയ വഞ്ചനയായിരുന്നെന്നു് അവർക്കും ലോകത്തിനും ബോദ്ധ്യപ്പെടുകയുള്ളു.

---

കാണാതെപോയ എൻെറ മകൻ എവിടെയാണെന്നു അൽഫോൻസാമ്മയുടെ സഹായത്താൽ അറിവുകിട്ടിയതിനു ഉപകാരസ്മരണ.

കെ. പി. മറിയംകുട്ടി, പുത്തൻപള്ളി

---

A Catechism on Communism

കമ്മ്യൂണിസത്തെപ്പററിയുള്ള ഒരു ചോദ്യോത്തരഗ്രന്ഥം

കമ്മ്യൂണിസത്തിൻെറ സിദ്ധാന്തങ്ങളേയും കർമ്മപരിപാടികളേയും സമഗ്രമായും ലളിതമായും വിശദീകരിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥം. വില ണ. 8. ഒററപ്രതിക്കു് $8\frac{3}{4}$ അണായുടെ സ്റ്റാമ്പു് അയക്കുക. കച്ചവടക്കാർക്കു് 20% കമ്മീഷൻ.

സി. എസ്. ലീഗ്, തൊടുപുഴ

# റൈ. റെ. ബി. ഫുൾട്ടൻ ഷീൻ

(K. C. CHACKO, 501 Marrissey,
Notre Dame University, Indiana. U. S. A.)

ഈ അടുത്തകാലത്ത് കർദ്ദിനാൾ സ്പെൽമൻ തിരുമനസ്സിലെ സഹായമെത്രാനായി ഉയർത്തപ്പെട്ട ഫുൾട്ടൻ ഷീൻ തിരുമനസ്സിനെപ്പറ്റി കേട്ടിട്ടില്ലാത്ത കത്തോലിക്കർ കുറവായിരിക്കും. "The Cross and Crisis" എന്ന മഹാഗ്രന്ഥംവഴിയാണ് ഞാൻ അദ്ദേഹത്തെ ആദ്യമായി അറിഞ്ഞത്. ലോകത്തിനു മറക്കാൻ കഴിയാത്ത ആ ധൂർത്തപുത്രന്റെ കഥയെ ആധാരമാക്കി അദ്ദേഹം ലോകചരിത്രത്തെ ആ ഗ്രന്ഥത്തിൽ അപഗ്രഥനംചെയ്തിരുന്നു. "പിതാവേ, അങ്ങേക്കും സ്വർഗ്ഗത്തിനും എതിരായി ഞാൻ പാപംചെയ്തു" എന്ന് ഏറ്റുപറഞ്ഞ പുത്രൻ ഏറ്റു പറയാതിരുന്ന ചില കാര്യങ്ങളുണ്ട് എന്നും ഇന്നത്തെ ലോകത്തിൽ അവ കൂടുതൽ



പ്രാധാന്യം അർഹിക്കുന്നു എന്നും അദ്ദേഹം എഴുതിയിരുന്നു. അന്നു ധൂർത്തപുത്രൻ പറയാതിരുന്ന വാചകങ്ങൾ അദ്ദേഹം സൂചിപ്പിച്ചുള്ളത് ഓർമ്മയിൽനിന്നു ഞാൻ ഉദ്ധരിക്കാം.

1) "പിതാവേ, ഞാൻ പാപംചെയ്തുപോയി. പക്ഷേ അത് യൗവ്വനത്തിന്റെയും ലോകസ്വഭാവത്തിന്റെയും ഫലമല്ലേ. പലരും അങ്ങനെ ചെയ്യുന്നതല്ലേ. അതുകൊണ്ട് എന്നോട് ക്ഷമിക്കണം.

2) ഞാൻ തെറ്റുചെയ്തു. എന്നെപ്പോലെ തെറ്റുചെയ്യുന്നവർ ധാരാളമുണ്ട്. അങ്ങനെയുള്ളവരുടെ ഒരു സംഘടനതന്നെ ഉണ്ടാക്കിക്കളയാം. സംഘം ചേർന്ന് വീണ്ടും പിതാവിന്റെയും സ്വർഗ്ഗത്തിന്റെയും നേരെചെന്നു തന്റേടത്തോടെ ജീവിക്കാം.

3) ലോകത്തിലെ സുഖവും ദുഃഖവും മനുഷ്യനുവേണ്ടി ദൈവം സൃഷ്ടിച്ചതല്ലേ? സുഖാന്വേഷണം മനുഷ്യന്റെ അവകാശവുമല്ലേ? ലൗകികസുഖങ്ങൾ യഥേഷ്ടം അനുഭവിക്കുന്നത് തെറ്റാണെന്നു മനുഷ്യർ കരുതുന്നതല്ലേ മൗഢ്യം. ധാർമ്മികമൂല്യങ്ങളുടെ മാനദണ്ഡം ഒന്നു പുതുക്കിപ്പണിതാൽ എന്റെ ജീവിതം ശരിയായിരിക്കയില്ലേ?

പലപ്പോഴും മനുഷ്യർ ഇതുപോലെ വാദിക്കുന്നത് ഒരു വിദ്യാർത്ഥിയായും, അദ്ധ്യാപകനായും, കുടുംബനാഥനായും, സാമൂഹ്യപ്രവർത്തകനായും ഞാൻ കേട്ടിട്ടുണ്ട്. അപ്പോഴെല്ലാം ഞാൻ കാണാതെ, പുസ്തകംവഴിമാത്രം പരിചയപ്പെട്ടിരുന്ന മോൺസിഞ്ഞോർ ഷീനിന്റെ ധൂർത്തപുത്രൻ പറയാതിരുന്ന ആ വാക്കുകളെയും ഓർമ്മിച്ചിട്ടുണ്ട്. ആ വാക്കുകൾ തന്നെ ആവർത്തിച്ച് ആ കൊച്ചുമെത്രാനെ അനുസ്മരിപ്പിച്ചുകൊണ്ടാണ്, അദ്ദേഹത്തിന്റെ തിരുവാഴി ആദ്യമായി ഞാൻ ചുംബിച്ചത്. ഇനിയും കൗമാരാവസ്ഥ മാറിയിട്ടില്ലാത്ത ഒരു ഓമനക്കുഞ്ഞിനെ എന്നവണ്ണം എന്നെ ആശ്ലേഷിച്ചുകൊണ്ട് ആ വന്ദ്യവൈദികാദ്ധ്യക്ഷൻ എന്റെ കണ്ണുകളിലേക്കു ഉറ്റുനോക്കി. ലോകത്തിലെ വേദപ്രചാരസംഘടനകളിൽ അഗ്രഗണ്യമായ അമേരിക്കൻ സംഘത്തിന്റെ നേതൃസ്ഥാനംവഹിക്കുന്ന ആ ആചാര്യോത്തമൻ ലോകത്തിന്റെ മറുഭാഗത്തുനിന്നുവന്ന ഈ കറുത്ത കൊച്ചുമനുഷ്യന്റെ കൈകളെ സ്നേഹപൂർവ്വം അമർത്തിക്കൊണ്ട് എത്ര സമയം നിന്നു എന്നു നിശ്ചയമില്ല. ദീർഘനാളത്തെ പരിചയമുള്ള ആപ്തമിത്രങ്ങൾ അധികകാലം അകന്നിരുന്നിട്ട് കൂടിക്കാണുന്ന ഒരു പ്രതീതിയാണ് അത് എന്നിൽ ഉളവാക്കിയത്. ലോകത്തെ മുഴുവൻ ക്രിസ്തുവിന്റെ സാമ്രാജ്യത്തിൽ ബന്ധിക്കുവാൻ അനേകസംവത്സരങ്ങളായി അശ്രാന്തം പരിശ്രമിച്ചുവരുന്ന ആ കൊച്ചുമനുഷ്യന്റെ മനസ്സിൽനിന്നും—അല്ല ഹൃദയാന്തർഭാഗത്തുനിന്നും ഉയർന്നത്—അദ്ദേഹം ഇപ്പോൾ മുദ്രാവാക്യമായി സ്വീകരിച്ചിരിക്കുന്ന "God Love You"—ദൈവം നിങ്ങളെ സ്നേഹിക്കട്ടെ—എന്ന ചിന്ത ആയിരുന്നിരിക്കണം.

"പിതാവേ, അങ്ങയെ കാണുവാനും അങ്ങയോടു സംസാരിക്കുവാനും എനിക്ക് ഇടയായത് ഒരു വലിയ ഭാഗ്യമായി ഞാൻ കരുതുന്നു. ക്രിസ്തുവിന്റെ ഒരു വിനീത അനുയായി എന്ന നിലയിൽ ഞാൻ അങ്ങയുടെ മഹത്തായ സേവനങ്ങളെ വിലമതിക്കുകയും, എന്റെ കഴിവനുസരിച്ച് മാതൃകയായി സ്വീകരിക്കുകയുംചെയ്തിട്ടുണ്ട്. അങ്ങയുടെ ധൂർത്തപുത്രൻ പറയാത്ത ആ ന്യായവാദങ്ങളെ ഞാൻ അനേകം കലാലയങ്ങളിലെ പ്രസംഗപീഠങ്ങളിൽനിന്നു ഉദ്ധരിച്ചിട്ടുണ്ട്—അങ്ങ് അവ ഓർമ്മിക്കുന്നുണ്ടോ.. ....ഇങ്ങനെ അനുസ്യൂതമായി ഞാൻ" അങ്ങോട്ടു സംസാരിച്ചു. ആഴം കുറഞ്ഞ തോടുകൾ കൂടുതൽ കലകലാരവത്തോടെ ഒഴുകുന്നതുപോലെ. അഗാധമായ ആ ജലാശയം, പ്രശാന്തമായ ശാന്തതയോടെ ഈ അടവിയുടെ മർമ്മരവത്തിൽ ലയിക്കുന്നതായി ഞാൻ കണ്ടു. ഒരു ലക്ഷത്തിലധികംവരുന്ന ഒരു മഹാസമ്മേളനത്തിൽ പ്രസംഗിക്കുവാൻ അന്ന് ചിക്കാഗോയിൽ എത്തിയിരുന്ന അദ്ദേഹം രാവിലെ മാർപ്പാപ്പാ തിരുമനസ്സിലെ പ്രത്യേകപ്രതിനിധി അർപ്പിച്ച പൊന്തിഫിക്കൽ കുർബാനയിൽ സംബന്ധിച്ചിട്ട് താമസസ്ഥലത്തേക്കു തിരിക്കുന്ന അവസരത്തിൽ ഭദ്രാസനദേവാലയത്തിൽവെച്ചാണ് ഞാൻ അദ്ദേഹത്തെ കണ്ടതും സംസാരിച്ചതും.

"പിതാവേ, ഇന്ന് അങ്ങയുടെ പ്രസംഗം ഞാൻ കേൾക്കും. നാലുകൊല്ലംമുമ്പ് അങ്ങ് ആസ്ട്രേലിയായിൽനിന്നു പ്രസംഗിച്ചത് ഞാൻ തിരുവനന്തപുരത്തിരുന്നു കേട്ടകഥയും ഇപ്പോൾ ഞാൻ ഓർമ്മിക്കുന്നു—"


വിശ്വവിഖ്യാതനായ ആ വാഗ്മി, ഗ്രന്ഥകാരൻ, വൈദികാദ്ധ്യക്ഷൻ, കൈയിൽ ഉണ്ടായിരുന്ന പെട്ടി (Suit case) തറയിൽവെച്ച്, എന്റെ വായാടിത്തം മുഴുവൻ കേട്ടു. ഇന്ത്യയെയും, മലബാറിനേയും, നോട്ടർഡാമിനേയും പറ്റി പലതും അദ്ദേഹം ഇങ്ങോട്ടു ചോദിച്ചു. ഞാൻ തൃശ്ശിവപേരൂർ നിന്നു പോന്നപ്പോൾ അതിവന്ദ്യ മെത്രാനച്ചൻ തിരുമനസ്സുകൊണ്ട് നൽകിയിരുന്ന ഒരു എഴുത്ത് എന്റെ കൈവശമുണ്ടായിരുന്നത് ഞാൻ അദ്ദേഹത്തെ കാണിച്ചു. എല്ലാംകൂടി അഞ്ചുമിനിട്ടിനിടയിൽ ഇങ്ങനെ പലതുംനടന്നു.

"മി. ചാക്കോ, എന്റെ ബദ്ധപ്പാട് അറിയാമല്ലോ. നിങ്ങൾ ന്യൂയോർക്കിൽ വരണം. കൂടുതൽ സംസാരിക്കുവാൻ താല്പര്യമുണ്ട്. നിങ്ങളുടെ രാജ്യത്തേയും, പുരാതനമായ വിശ്വാസത്തേയുംപറ്റി നിങ്ങൾക്ക് പലതും പറയാനുണ്ടെന്ന് എനിക്കറിയാം. അതു കേൾക്കാൻ എനിക്ക് താല്പര്യവുമുണ്ട്. ഇവിടെയുള്ള കത്തോലിക്കരേയും അത് നിങ്ങൾ ധരിപ്പിക്കണം. എനിക്ക് ന്യൂയോർക്കിലേക്ക് എഴുതുക. നിങ്ങൾ കത്തോലിക്കാപ്രസിദ്ധീകരണങ്ങളിൽ ശ്രദ്ധിക്കുന്നതായി ഞാൻ മനസ്സിലാക്കുന്നു. എന്റെ പ്രധാനപ്പെട്ട ഗ്രന്ഥങ്ങളെല്ലാംതന്നെ ഞാൻ നിങ്ങൾക്ക് അയച്ചുതരാം. അതുകൊണ്ട് പ്രയോജനം ഉണ്ടാകും എന്നു ഞാൻ കരുതുന്നു. ഞാൻ പോകട്ടെ. God love you." മോതിരമുത്തുവാനായി കൈ നീട്ടി. വെള്ളക്കാരുടെ മര്യാദ അനുസരിച്ച് ആശ്ലേഷിക്കുന്നു. അനന്തരം ഞാൻ മുട്ടുകുത്തി, ഹൃദയപൂർവ്വം അനുഗ്രഹിച്ചുകൊണ്ട് അദ്ദേഹം നീങ്ങി. തറയിൽ ഇരുന്ന പെട്ടി എടുത്ത് കാറിലേക്കു വയ്ക്കുവാൻ ഞാൻ ഒരുങ്ങി. "വേണ്ട. വേണ്ട! ഞാൻ ആരെയും വിശ്വസിക്കാറില്ല. എന്റെ പെട്ടി എന്റെ കൈയിൽത്തന്നെ ഇരിക്കട്ടെ" എന്നു നേരമ്പോക്കായി പറഞ്ഞ് അദ്ദേഹം യാത്രയായി.

അമേരിക്കൻ കത്തോലിക്കരുടെ രാജ്യഭക്തിയെ പ്രകീർത്തിച്ചുകൊണ്ട് അദ്ദേഹം അന്നു ചെയ്ത പ്രസംഗത്തിന്റെ പൂർണ്ണരൂപം അച്ചടിച്ച് പ്രസിദ്ധപ്പെടുത്തുമ്പോൾ വാങ്ങി അയക്കാം. മതനിഷ്ഠയുള്ള ഒരു മനുഷ്യൻ നിശ്ചയമായും രാജ്യസ്നേഹികൂടിയാണ് എന്ന് അദ്ദേഹം സമർത്ഥിച്ചു. മതനിഷ്ഠ കുറവായിരുന്ന രാജ്യസേവകനായ ചുങ്കക്കാരൻ "മത്തായി," മതനിഷ്ഠയുള്ള വി. മത്തായിയായി മാറിയശേഷം എഴുതിയ സുവിശേഷം എത്രമാത്രം വംശസ്നേഹത്തോടുകൂടിയതായിരുന്നു എന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. യഹൂദന്മാരുടെ സംസ്കാരം, ആചാരങ്ങൾ, പ്രവചനങ്ങൾ, പ്രതീക്ഷകൾ ഇവയെപ്പറ്റി 199 പ്രാവശ്യം വംശസ്നേഹപ്രചോദിതനായ വി. മത്തായി വർണ്ണിക്കുന്ന കാര്യം അദ്ദേഹം എടുത്തുപറഞ്ഞു.

കൃശഗാത്രനായ ഒരു കൊച്ചുമനുഷ്യൻ—അമേരിക്കൻജനത ആത്മാർത്ഥമായി സ്നേഹിക്കുന്ന ഒരു വൈദികമേലദ്ധ്യക്ഷൻ—അദ്ദേഹം ചിക്കാഗോയിലെ പ്രസംഗവേദിയിൽനിന്നും ഇറങ്ങി. സ്വസ്ഥാനത്തേക്കു വന്നപ്പോൾ ഞാൻ കേട്ട ഹസ്തതാഡനത്തെക്കാൾ എന്നെ വികാരാധീനനാക്കിയത് ആ യോഗത്തിൽ ആദ്ധ്യക്ഷം വഹിച്ചിരുന്ന മഹോന്നത കർദ്ദിനാൾ സ്ട്രിച്ച് തിരുമനസ്സുകൊണ്ട് ആ ധന്യസന്താനത്തെ പരസ്യമായി, മതിവരാതെ കെട്ടിപ്പിടിച്ച്, ആശ്ലേഷിച്ച്, സന്തോഷാശ്രുക്കൾ പൊഴിച്ച ആ രംഗമായിരുന്നു.

ബഹുകാര്യവ്യഗ്രനായ അദ്ദേഹത്തിന് ഞാൻ അടുത്ത ദിവസംതന്നെ എഴുതി. മടക്കത്തപാലിൽ അദ്ദേഹം സ്നേഹപൂർവ്വം എനിക്ക് അയച്ച മറുപടി പ്രസിദ്ധപ്പെടുത്തുന്നതു അനുചിതമെന്നു കരുതുന്നു. വിദേശീയനും നിസ്സാരനുമായ ഈ കൊച്ചുമനുഷ്യനോട് വഴിക്കുവെച്ചുചെയ്ത വാഗ്ദാനം അനുസരിച്ച്, Peaceof Sou', Lift up your Hearts, Preface to Religion, Three to get Married എന്ന ഗ്രന്ഥങ്ങളും അദ്ദേഹം സൗജന്യമായി അയച്ചുതന്നു. ദൈവം നിങ്ങളെ സ്നേഹിക്കട്ടെ എന്ന ആശീസ്സും, ഇന്ന് ദൈവത്തിനും രാജ്യത്തിനും വേണ്ടി പ്രവർത്തിക്കാനുള്ള ആഹ്വാനവും, അനുഗ്രഹവും, മറ്റുപലതും അദ്ദേഹം എഴുതിയിരുന്നു. അദ്ദേഹത്തിന്റെ ഏതു ഗ്രന്ഥംവേണമെങ്കിലും പരിഭാഷപ്പെടുത്താനുള്ള അനുമതിയും അദ്ദേഹം എനിക്ക് നല്കിയിട്ടുണ്ട്.



11-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ട് കണ്ടത്തിൽ മാർ ആഗുസ്തീനോസ് തിരുമേനിക്കു സമ്മാനിച്ച സുവർണ്ണകാസ.

---

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അനവധി ഗുണങ്ങൾ ലഭിച്ചതിന്നു കൃതജ്ഞത.

C. K. P., ചിറാട്ടുകര

---

## ശ്രീ കെ. സി. ചാക്കോയുടെ കത്ത്

University of Notre Dame
Notre Dame, Indiana
U. S. A.
8—12—'51

*My Dear Rev. Father,*

അയച്ചിരുന്ന സത്യദീപങ്ങൾ ഒക്ടോബർ 3വരെയുള്ളത് ഇന്നലെ ഒരു കെട്ടായി കിട്ടി. വെളുപ്പിനു രണ്ടുമണിവരെ ഇരുന്നു മുഴുവൻ വായിച്ചുതീർത്തു. പത്രത്തിന്റെ വളർച്ചയും പുതിയ രീതികളും എന്നെ വളരെയധികം കൃതാർത്ഥനാക്കി. വളർന്നുവരുന്ന ഒരു പ്രവർത്തനത്തെ പ്രോത്സാഹിപ്പിക്കുവാനുള്ള എന്റെ ആഗ്രഹംകൊണ്ട് സമയക്കുറവും ജോലിക്കൂടുതലും കൂട്ടാക്കാതെ ഒരു ലേഖനം എഴുതി അയക്കുന്നു. മോൺസിഞ്ഞോർ ഷീനെപ്പറ്റി സുദീർഘമായ ഒരു ലേഖനം സത്യദീപത്തിൽ നേരത്തെ പ്രസിദ്ധപ്പെടുത്തിയിരുന്നത് ഞാൻ ഓർമ്മിക്കുന്നു. (കഴിഞ്ഞലക്കത്തിൽ വേറൊന്നുകൂടി പ്രസിദ്ധംചെയ്തിരുന്നു) പക്ഷേ വിശേഷാൽത്തരമായ വേദപ്രചാരവേലയിൽ അദ്വിതീയനായ ആ മഹാ പുരോഹിതൻ ഭാരതീയനായ എന്നെ സ്നേഹാദരപൂർവ്വം സ്വീകരിച്ച കഥ നമ്മുടെ ആളുകൾക്ക് സന്തോഷപ്രദമായിരിക്കുമെന്നു കരുതി ഈ ലേഖനം എഴുതുകയാണ്. ഇവിടത്തെ ഉത്തമങ്ങളായ കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ സത്യദീപത്തിനും ലഭിക്കുന്നതിനായി ചില പരിശ്രമങ്ങൾ ചെയ്യുന്നുണ്ട്. പല നല്ല ലേഖനങ്ങളും പരിഭാഷപ്പെടുത്തി പ്രസിദ്ധപ്പെടുത്തുവാൻ പത്രത്തിന് അനുമതി വാങ്ങിക്കാനും ശ്രമിക്കുന്നു. രാജ്യത്തിനും ദൈവത്തിനും വേണ്ടി അങ്ങും അങ്ങയുടെ സഹപ്രവർത്തകരും ചെയ്യുന്ന ശ്രമത്തെ ഹൃദയപൂർവ്വം അഭിനന്ദിച്ചുകൊണ്ട്,

കർത്താവിൽ അങ്ങയുടെ പ്രിയപുത്രൻ
കെ. സി. ചാക്കോ
(ഒപ്പ്)

---

*Permissu Ecclesiastico*
Printed & Published by
K. L. Varkey
the Mar Louis Memorial Press
Ernakulam

# Sathya Deepam

Vol. 25 | Ernakulam December 26, 1951 | No. 19


# എറണാകുളം അതിരൂപത

കേരളീയ സുറിയാനികത്തോലിക്കരുടെ സ്വയംഭരണാവകാശവാദത്തിന്റെ മൂർദ്ധന്യതയിൽ അതിന്റെ ന്യായയുക്തത മനസ്സിലാക്കി ഏതദ്ദേശീയരായ വികാരി അപ്പസ്തോലിക്കമാരുടെ ഭരണത്തിൽ 1896 ജൂലൈ 28-ാംനു ഭാഗ്യസ്മരണാർഹനായ പതിമൂന്നാം ലെയോ മാർപ്പാപ്പാ ഏർപ്പെടുത്തിയ മൂന്നു വികാരിയാത്തുകളിൽ ഒന്നാണു് എറണാകുളം വൈദികജില്ലയായി രൂപംകൊണ്ടതു്. അതിന്റെ പ്രഥമഭരണാധികാരിയായി കേരളീയമഹാപുരുഷന്മാരിൽ ഒരാളായ പഴേപറമ്പിൽ മാർ ളൂയീസ് മെത്രാൻ നിയമിതനായി. ശ്രേയസ്കരവും അഭിമാനാവഹവുമായ 23 കൊല്ലത്തെ ഭരണത്തിനുശേഷം 1919 ഡിസംബർ 9-ാംനു ആ തിരുമേനി ദിവംഗതനായപ്പോൾ, അവിടത്തെ അനന്തിരവരും സഹായമെത്രാനുമായിരുന്ന കണ്ടത്തിൽ മാർ അഗസ്തീനോസ് തിരുമനസ്സുകൊണ്ടു് വികാരി അപ്പസ്തോലിക്കയായി. കാലത്തിന്റെ തികവിൽ, അസാമാന്യധീമാനായിരുന്ന പതിനൊന്നാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് കേരളീയ സുറിയാനി ഹയരാർക്കി സ്ഥാപിക്കുകയും, എറണാകുളം വികാരിയാത്തിനെ ഒരു അതിരൂപതയായി ഉയർത്തുകയും, അതിന്റെ വികാരി അപ്പസ്തോലിക്കയെ കേരളീയ സുറിയാനി ഹയരാർക്കിയുടെ അദ്ധ്യക്ഷനും എറണാകുളം മെത്രാപ്പോലീത്തായുമായി അവരോധിക്കുകയും ചെയ്തു. ഹയരാർക്കി സ്ഥാപനവാർഷിക തിരുനാൾ ... പുറപ്പെടുവിച്ചതിന്റെ രജതജൂബിലി 1948 ഡിസംബർ 21-ാംനു ആയിരുന്നു. എന്നാൽ തിരുവെഴുത്തു എറണാകുളം മെത്രാപ്പോലീത്തൻ പള്ളിയിൽ പരസ്യമായി വായിക്കുകയും എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലേക്കു "പാലിയം" എന്ന തിരുവസ്ത്രം പ്രദാനംചെയ്യുകയും ചെയ്തതിന്റെ ഇരുപത്തഞ്ചാം വത്സരപൂർത്തി 1949 നവംബർ 16-ാംനു ആയിരുന്നു.

### പള്ളികളും കപ്പേളകളും

ഉദ്ദേശം 2350 ചതുരശ്രമൈൽ വിസ്തീർണ്ണമുള്ള എറണാകുളം അതിരൂപതയുടെ അതിർത്തിക്കകത്തു നാനാജാതിമതസ്ഥരായ 13,75,000 ജനങ്ങൾ നിവസിക്കുന്നുണ്ടു്. കേരളീയ സുറിയാനി, ലത്തീൻ, അന്ത്യോഖ്യാ സുറിയാനി റീത്തിൽപ്പെട്ട കത്തോലിക്കരും ഇതിൽ പെടുന്നു. കേരളീയസുറിയാനിറീത്തിൽപ്പെട്ട കത്തോലിക്കരുടെ സംഖ്യ 272664 ആണു്. സുറിയാനികത്തോലിക്കാ വീടുകൾ 43964-ം. പത്തുഫൊറോനാപള്ളികൾ അടക്കം 172 ഇടവകപ്പള്ളികളും കുരിശുപള്ളികളുമാണു് അതിരൂപതയിലുള്ളതു്. അതിൽ 60 എണ്ണം മെത്രാപ്പോലീത്താ ചുമതല തിരുമനസ്സു ഭരണം കൈയേറ്റതിനുശേഷം സ്ഥാപിക്കപ്പെട്ടിട്ടുള്ളവയാണു്. ഇതിനുപുറമേ കൊവേന്ത, മഠം മുതലായവയോടു് അനുബന്ധിച്ചു 62 പള്ളികളും വേറെ 156 കപ്പേളകളും ഉണ്ടായിരിക്കുന്നു.

### വൈദികർ

കത്തോലിക്കരുടെ ആദ്ധ്യാത്മികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനായി 204 വൈദികരാണുള്ളതു്. റോമാ, മംഗലപ്പുഴ, കാൻഡി, മംഗലാപുരം, തൃശ്ശിനാപ്പള്ളി, ബാംഗളൂർ, നെല്ലൂർ മുതലായ സ്ഥലങ്ങളിലും എറണാകുളം പെറ്റിസെമ്മിനാരിയിലുമായിട്ടു് 128 പേർ വൈദികവിദ്യാഭ്യാസം ചെയ്തുവരുന്നുണ്ടു. ഇതിനു പുറമേ, കർമ്മലീത്താ, വിൻസെൻഷ്യൻ, ചെറുപുഷ്പം എന്നീ സന്യാസസഭകളിൽ പെട്ടവരായി 92 വൈദികരും 55 വൈദികവിദ്യാർത്ഥികളും, 43 സഹോദരന്മാരും 6 യോഗാർത്ഥികളും ഉണ്ടു്. എറണാകുളം അതിരൂപതയിൽനിന്നു സേലം, ഊട്ടി, ബാംഗളൂർ, ജംഷഡ്പൂർ, കോയമ്പത്തൂർ, ഷില്ലോങ്ങ് മുതലായ അന്യരൂപതകളിൽ 35 വൈദികർ മിഷൻജോലിയിൽ വ്യാപൃതരായിരിക്കുന്നുണ്ടു്. ഇതിനു പുറമേ 33 വൈദികവിദ്യാർത്ഥികളും, 110 കന്യാസ്ത്രീകളും 13 സഹോദരന്മാരും മിഷൻപ്രവർത്തനങ്ങൾക്കായി അതിരൂപതയ്ക്കു പുറമേ പോയിട്ടുണ്ടു്.



എറണാകുളം മിസ്സത്തിന്റെ ഒന്നാമത്തെ വികാരി അപ്പസ്തോലിക്കയായിരുന്ന മാർ ളൂയീസ് മെത്രാൻ തിരുമനസ്സുകൊണ്ടു്.

### കന്യാസ്ത്രീകൾ

വ്രതത്രയം സ്വീകരിച്ച പ്രാർത്ഥനാമനസ്കരും സേവനനിരതരുമായി ജീവിച്ചുപോരുന്ന കന്യാസ്ത്രീകളടങ്ങിയ പല സന്യാസിനീസമൂഹങ്ങളും അതിരൂപതയിലുണ്ടു്. അവയിൽ 21 കർമ്മലീത്താമഠങ്ങളും, 6 ക്ലാരമഠങ്ങളും, 11 അഗതികളുടെ സഹോദരികൾക്കായുള്ള മഠങ്ങളും, 5 ആരാധനാമഠങ്ങളും, 4 തിരുഹൃദയമഠങ്ങളും, 3 യൗസേപ്പുപിതാവിന്റെ ആശുപത്രിസഹോദരികളുടെ മഠങ്ങളും, 2 നസ്രത്തു സഹോദരികളുടെ മഠവും, 1 അമലോത്ഭവമാതാവിന്റെ അസ്സീസി സഹോദരികളുടെ മഠവും ഉൾപ്പെടുന്നു. ഈ മഠങ്ങളിലെല്ലാംകൂടി 584 നിത്യവ്രതം ചെയ്ത കന്യാസ്ത്രീകളും, 46 തുണസഹോദരികളും, 217 നവകന്യകകളും 97 നൊവീസ്യാത്തുകാരും, 98 ദയാർത്ഥിനികളും, 47 ... കളും ഉണ്ടായിരിക്കുന്നു. പ്രാർത്ഥനാനിരതമായ ജീവിതത്തിനു പുറമേ, ഇവർ പ്രായേണ വിദ്യാദാനവിഷയത്തിലും രോഗിപരിചരണത്തിലും വ്യാപൃതരായിരിക്കുന്നു.


### വിദ്യാലയങ്ങൾ

വിദ്യാഭ്യാസപ്രചരണവിഷയകമായി അതിരൂപതയ്ക്കുണ്ടായിരിക്കുന്ന പ്രശസ്തി അത്ഭുതാവഹമാണു്. ആൺകുട്ടികൾക്കായി രണ്ടു കോളേജുകളുള്ളതു 1076 യുവാക്കന്മാരുടെ ഉപരിവിദ്യാഭ്യാസത്തിനു പ്രയോജകീഭവിക്കുന്നു. ആൺകുട്ടികൾക്കായി 11-ം പെൺകുട്ടികൾക്കായി 14-ം ഇംഗ്ലീഷ് ഹൈസ്കൂളുകളുള്ളതിൽ യഥാക്രമം 4268-ം, 4515-ം കുട്ടികൾ അദ്ധ്യയനം നടത്തിവരുന്നു. ആൺകുട്ടികൾക്കായി 24-ം പെൺകുട്ടികൾക്കായി 10-ം മിഡിൽസ്കൂളുകളുണ്ടു്. ഇവയിൽ 5725 വിദ്യാർത്ഥികളും 5923 വിദ്യാർത്ഥിനികളും അദ്ധ്യേതാക്കളായുണ്ടു്. 115 മലയാളം പ്രൈമറി ഗ്രാൻറുസ്കൂളുകളിലായി 32134 കുട്ടികൾ പഠിച്ചുവരുന്നു. ഇവയ്ക്കു പുറമേ യാതൊരു ഗ്രാൻറുമില്ലാത്ത 121 കുടിപ്പള്ളിക്കൂടങ്ങളും ഉണ്ടായിരിക്കുന്നു. അങ്ങനെ 57812 കുട്ടികൾക്കു് വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ചെയ്തുവരുന്നു. കുട്ടികൾക്കായി നടത്തപ്പെടുന്ന 23 ബോർഡിംഗുകളിൽ 984 കുട്ടികൾക്കു താമസസൗകര്യം പ്രദാനംചെയ്യുന്നു. ഈ വിദ്യാലയങ്ങൾക്കു പുറമേ 91 കുട്ടികൾ പഠിക്കുന്ന 5 ഇൻഡസ്ട്രിയൽ സ്കൂളുകളും, 41 അദ്ധ്യാപകവിദ്യാർത്ഥികളടങ്ങിയ ഒരു ഹയർ ഗ്രേഡ് ട്രെയിനിംഗ് സ്കൂളും അതിരൂപതയിലുണ്ടു്.

### ആതുരശുശ്രൂഷ

വിദ്യാദാനംപോലെതന്നെ സർവ്വപ്രധാനമായി പരിഗണിക്കപ്പെട്ടുപോരുന്ന ഒന്നാണു് ആതുരശുശ്രൂഷ. വിദ്യാലയങ്ങൾ മാനസികമായ ആരോഗ്യത്തെ നിർവ്വഹിക്കുന്നുവെങ്കിൽ, ആശുപത്രികൾ ശാരീരികാരോഗ്യസംരക്ഷണത്തിനുപകരിക്കുന്നു. 1930-ലാണു് ആശുപത്രിപ്രസ്ഥാനം ആരംഭിച്ചതു്. ഇപ്പോൾ ധർമ്മഗിരി, അങ്കമാലി, ചെമ്പൂർ, കരിങ്ങൂർ, ഇടപ്പള്ളി എന്നീ സ്ഥലങ്ങളിൽ 5 ആശുപത്രികളും, മട്ട, ഞാറയ്ക്കൽ, കഴിപ്പിള്ളി, കല്ലൂക്കാട്ടു് മുതലായ സ്ഥലങ്ങളിലായി 6 ഡിസ്പെൻസറികളും ഉണ്ടു്. ഇതിനുപുറമേ ചേർത്തലയിൽ ഒരു കുഷ്ഠരോഗാശുപത്രിയും, സാധുക്കൾക്കുവേണ്ടി സൗജന്യാശുപത്രിയും ഡിസ്പെൻസറിയും നടത്തിവരുന്നു. ആശുപത്രികൾപോലെതന്നെ രോഗിപരിചരണവും സാധിക്കുന്നുണ്ടു്. രോഗിപരിചരണത്തിനായിത്തന്നെ രണ്ടു സന്യാസിനീസമൂഹങ്ങൾ—അഗതികളുടെ സഹോദരികളും വിശുദ്ധ യൗസേപ്പിന്റെ മെഡിക്കൽ സഹോദരികളും—അതിരൂപതയിൽ സ്ഥാപിതമായിട്ടുണ്ടു്. അഗതികളുടെ സഹോദരികളുടെ 11 മഠങ്ങളിലായി 92 കന്യാസ്ത്രീകളും 15 നൊവീസ്യാത്തുകാരും, 8 അർത്ഥിനികളുമുണ്ടു്. വിശുദ്ധ യൗസേപ്പുപിതാവിന്റെ ആശുപത്രിസഹോദരികളുടെ 3 മഠങ്ങളിൽ 7 കന്യാസ്ത്രീകളും 3 നവകന്യകകളും 23 അർത്ഥിനികളുമുണ്ടു്. പലരും നേഴ്സിങ്ങും മിഡ്‌വൈഫറിയും ഡെൻറിസ്ട്രിയും പാസായിട്ടുള്ളവരാണു്. ഈ കന്യാസ്ത്രീകളിൽ പലരും ഇപ്പോൾ ആതുരശുശ്രൂഷയിലേർപ്പെട്ടിരിക്കുന്നവരാണു്. ആലുവാ, മൂവാററുപുഴ, എറണാകുളം ജനറൽ ആശുപത്രി, കണ്ണാശുപത്രി, ആയുർവ്വേദാശുപത്രി, വൈക്കം എന്നീ ഗവർമ്മെണ്ടുസ്ഥാപനങ്ങളിൽ അഗതികളുടെ സഹോദരികൾ രോഗിശുശ്രൂഷ നടത്തുന്നുണ്ടു്. അതിരൂപതാ ആശുപത്രികളിൽ വി. യൗസേപ്പിന്റെ മെഡിക്കൽ സഹോദരികളാണു് പരിചരണം ചെയ്യുന്നതു്. മഞ്ഞപ്ര ഡിസ്പെൻസറിയിൽ കർമ്മലീത്താസഹോദരികളും ഇടപ്പള്ളി ആശുപത്രിയിൽ ആരാധനാസഭ

(ശേ. 9-ാം പേജിൽ)



എറണാകുളം അതിമെത്രാസനമന്ദിരം